**പതിനഞ്ചാം കേരള നിയമസഭ**

# സ്ത്രീകളുടെയും ട്രാൻസ്‌ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-26)

## ഇരുപതാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(കുട്ടികളിലെ ലഹരി ഉപയോഗവും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

**പതിനഞ്ചാം കേരള നിയമസഭ**

**സ്ത്രീകളുടെയും ട്രാൻസ്‌ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-26)**

**ഇരുപതാമത് റിപ്പോർട്ട്**

(2026 ഫെബ്രുവരി മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(കുട്ടികളിലെ ലഹരി ഉപയോഗവും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്)**

# <u>ഉള്ളടക്കം</u>

| | | |
|---|---|---|
| | | **പേജ്** |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

## സമിതിയുടെ ഘടന

**ചെയർപേഴ്സൺ:**

ശ്രീമതി  യു. പ്രതിഭ

**അംഗങ്ങൾ :**

ശ്രീമതി ഒ. എസ്. അംബിക

ശ്രീമതി  സി. കെ. ആശ

ശ്രീമതി ദെലീമ

ശ്രീമതി കാനത്തിൽ ജമീല*

ഡോ. എം. കെ. മുനീർ

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി ഉമ തോമസ്

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ.ജി., അഡീഷണൽ സെക്രട്ടറി

ശ്രീമതി പ്രീത കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഷിഹാബുദീൻ എം., അണ്ടർ സെക്രട്ടറി

ശ്രീമതി ബിന്ദു എസ്., അണ്ടർ സെക്രട്ടറി

---

*2025 നവംബർ 29-ന് അന്തരിച്ചു.

# ആമുഖം

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-26)യുടെ ചെയർപേഴ്സണായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതി (2023-2026)യുടെ ഇരുപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സ്ത്രീകൾക്കും ട്രാൻസ്ജെന്ററുകൾക്കും കുട്ടികൾക്കും ലഹരി പദാർത്ഥങ്ങളോടുള്ള ആസക്തിയും സ്വാധീനവും പഠനവിധേയമാക്കി അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നത് സമിതിയുടെ പ്രധാന കർത്തവ്യങ്ങളിലൊന്നാണ്. വിദ്യാർത്ഥികൾക്കിടയിൽ മയക്കുമരുന്നുൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് ഒരു പ്രത്യേക റിപ്പോർട്ട് തയ്യാറാക്കുന്നതിന് സമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, ലഹരി വസ്തുക്കളുടെ ഉപയോഗവും വ്യാപനവും തടയുന്നതിനാവശ്യമായ ശിപാർശകളും/നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2026 ജനുവരി മാസം 29-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

യു. പ്രതിഭ,

തിരുവനന്തപുരം,
2026 ഫെബ്രുവരി 3.

ചെയർപേഴ്സൺ,
സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും
കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും
ക്ഷേമം സംബന്ധിച്ച സമിതി.

## റിപ്പോർട്ട്

ഒരു രാഷ്ട്രത്തിന്റെ വികസനത്തിന്റെയും പുരോഗതിയുടെയും അടിസ്ഥാന ഘടകങ്ങളിലൊന്നായ കുട്ടികളുടെ സമഗ്രവികസനവും സുരക്ഷിതത്വവും ഉറപ്പുവരുത്തേണ്ടത് രാഷ്ട്രത്തിന്റെ പരമപ്രധാനമായ ലക്ഷ്യമായിരിക്കണം. കുട്ടികൾ ഇന്ന് ലഹരിയെന്ന ഭയാനകമായ വിപത്തിന്റെ പിടിയിൽ അകപ്പെട്ടുകൊണ്ടിരിക്കുന്നത് നാം തിരിച്ചറിഞ്ഞുതുടങ്ങിയിരിക്കുന്നു. അത്യധികം ആശങ്കാജനകമായ ഒരു പൊതുജനാരോഗ്യപ്രശ്നമാണ് സംസ്ഥാനത്ത് കുട്ടികൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം. ഇത് സംസ്ഥാനം നേടിയെടുത്തിട്ടുള്ള വികസനത്തിനും പുരോഗതിക്കും സാംസ്കാരിക മൂല്യങ്ങൾക്കും കടുത്ത വെല്ലുവിളിയാണ് ഉയർത്തുന്നത്. പുകയില, മദ്യം, കഞ്ചാവ്, തുടങ്ങി എം.ഡി.എം.എ. പോലുള്ള രാസലഹരി വസ്തുക്കൾവരെ നീളുന്ന ആധുനിക കാലത്തെ ലഹരി വസ്തുക്കളുടെ ശ്രേണി. ലഹരിയുടെ ഉപയോഗം കുട്ടികളുടെ അക്കാദമിക്, സാമൂഹിക, ജീവിതനൈപുണ്യ വികസനത്തെ തടസ്സപ്പെടുത്തുന്നുവെന്ന് മാത്രമല്ല ഇവ കുട്ടികളിൽ ഗുരുതരവും മാരകവുമായ മാനസിക, ശാരീരിക ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിവയ്ക്കുകയും സ്വഭാവവ്യതിയാനത്തിനുവരെ കാരണമാകുകയും ചെയ്യുന്നു. ഇത് കുടുംബത്തിന്റെയും സമൂഹത്തിന്റെയും പ്രതീക്ഷകളെ അപ്പാടെ നശിപ്പിക്കുന്ന ഒരു മാരക വിപത്താണെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. കുട്ടികൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗവും അതുമൂലമുണ്ടാകുന്ന അപകടസാദ്ധ്യതകളെയും സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി ഫലപ്രദമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതും സമയബന്ധിതമായ നടപടികൾ സ്വീകരിക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്. അതുവഴി മാത്രമേ സംതൃപ്തമായ കുടുംബം, സമൂഹം എന്നിവ കെട്ടിപ്പെടുക്കുവാനും രാഷ്ട്രപുരോഗതി കൈവരിക്കുവാനും കഴിയൂ. എന്നാൽ, ലഹരി എന്ന വിപത്തിനെ സംബന്ധിച്ച് ആഗോള, ദേശീയ, സംസ്ഥാനതലങ്ങളിൽ ഒട്ടനവധി പഠനങ്ങളും ലഹരിവിരുദ്ധ പ്രചാരണങ്ങളും ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ടെങ്കിലും ലഹരിയുടെ ഉപയോഗം, പ്രത്യേകിച്ച് കുട്ടികളിൽ കൂടിവരുന്നതായാണ് കണ്ടുവരുന്നത്. ലഹരി ഉപയോഗം തടയുന്നതിനായി സർക്കാർ നിരവധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടെങ്കിലും പലതും ഫലപ്രാപ്തിയിലേക്കെത്തുന്നില്ല എന്നതാണ് വസ്തുത. ചെറിയ കുട്ടികളിൽ വരെ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്ന

സാഹചര്യമാണുള്ളത്. ഈ സാഹചര്യത്തിലാണ് സമിതിയിൽ നിക്ഷിപ്തമായ ഒരു പ്രധാന കർത്തവ്യം എന്ന നിലയ്ക്ക്, കുട്ടികളിലെ ലഹരി ഉപയോഗം തടയുന്നതിനായി സർക്കാരിന്റെ വിവിധ വകുപ്പുകൾ സ്വീകരിച്ചുവരുന്ന നടപടികൾ സംബന്ധിച്ച് വിശദമായ ഒരു പഠനം നടത്തി പോരായ്മകൾ കണ്ടെത്തുന്നതിനും, ഗവേഷണങ്ങളുടെയും പഠനങ്ങളുടെയും കൂടി അടിസ്ഥാനത്തിൽ നിർദ്ദേശിക്കാവുന്ന പരിഹാരമാർഗ്ഗങ്ങൾ സംബന്ധിച്ച് സർക്കാരിലേക്ക് ശിപാർശകൾ നൽകുന്നതിനും സമിതി തീരുമാനിച്ചത്. അതിനായി സമിതി 20.06.2025, 24.09.2025 എന്നീ തീയതികളിൽ ലഹരിക്കെതിരെ പോരാടുന്ന പ്രധാനപ്പെട്ട വകുപ്പുകളായ നികുതി, ആഭ്യന്തരം, പൊതുവിദ്യാഭ്യാസം, വനിത ശിശുവികസനം, ആരോഗ്യ കുടുംബക്ഷേമം എന്നവയിൽനിന്നും നിയമസഭാ സമുച്ചയത്തിൽ വച്ച് തെളിവെടുപ്പ് നടത്തുകയും, പ്രസ്തുത വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകളിന്മേൽ വകുപ്പ് ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിരീക്ഷണങ്ങളും ഉൾപ്പെടുത്തി പ്രത്യേക റിപ്പോർട്ട് തയ്യാറാക്കുകയും റിപ്പോർട്ടിലെ താഴെപ്പറയുന്ന ശിപാർശകൾ നടപ്പിലാക്കണമെന്ന് വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു. വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ടി ശിപാർശകളിന്മേൽ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരിനോട് സമിതി ആവശ്യപ്പെടുന്നു.

**2)** കുട്ടികളിലും കൗമാരക്കാരിലുമുള്ള ലഹരി ഉപയോഗത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ സങ്കീർണ്ണമാണ്. വ്യക്തിത്വ സവിശേഷതകൾ മുതൽ വ്യക്തിഗത സാഹചര്യങ്ങൾ വരെ അവയിൽപ്പെടുന്നു. കുടുംബാന്തരീക്ഷം, സമപ്രായക്കാരുടെയും സഹപാഠികളുടെയും സ്വാധീനം, 4 കുടുംബാംഗങ്ങളിലെ ലഹരി ഉപയോഗം, ജിജ്ഞാസ, അമിതാവേശം, മാനസികസമ്മർദ്ദം, ചെറുപ്പം മുതൽ മുതിർന്നവരുടെ മേൽനോട്ടത്തിലല്ലാതെയുള്ള, മൊബൈൽ ഫോൺ, ഇന്റർനെറ്റ് എന്നിവയുടെ ദുരുപയോഗം, വീടിനും വിദ്യാലയത്തിനും സമീപം ലഹരി വസ്തുക്കളുടെ ലഭ്യത, സാമൂഹ്യമാധ്യമങ്ങളിലൂടെയും മറ്റും കുട്ടികൾ അവരറിയാതെതന്നെ പരിചയപ്പെടുന്ന ലഹരി മാഫിയയുടെ കണ്ണികൾ എന്നിങ്ങനെ കുട്ടികളിലെ ലഹരി വസ്തുക്കളുടെ ഉപയോഗത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏറെയാണ്. ഇവയിൽ കുടുംബാന്തരീക്ഷം ഒരു

പ്രധാന പങ്കുവഹിക്കുന്നുണ്ട്. ഉപഭോഗ സംസ്കാരത്തിന്റെ കടന്നുകയറ്റം, കുടുംബത്തിന്റെ പരിപാവനത്വത്തിൽ നിന്നും അണുകുടുംബങ്ങളിലേക്ക് ചേക്കേറുന്നതിന് കാരണമായിട്ടുണ്ട്. ഇത് ഒരു പരിധിവരെ കുടുംബശൈഥില്യത്തിനും അതുമൂലം കുട്ടികളുടെ സ്വഭാവ രൂപീകരണത്തെ പ്രതികൂലമായി ബാധിക്കുന്നതിനും കാരണമായെന്ന് നിസ്സംശയം പറയാം. ലഹരി വസ്തുക്കളുടെ ശ്രേണിയിലേക്ക് മയക്കുമരുന്ന്, എം.ഡി.എം.എ. തുടങ്ങിയ സിന്തെറ്റിക് ലഹരി വസ്തുക്കളുടെ കടന്നുവരവോടുകൂടി പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമായിട്ടുണ്ട്. നിറമോ മണമോ രുചിയോ ഇല്ലാത്ത ഇത്തരം ലഹരിവസ്തുക്കൾ 4 ആഹാരത്തിൽ കലർത്തിയാൽ തിരിച്ചറിയാൻ പറ്റാത്തതുകാരണം പാർട്ടികളിലും മറ്റും പങ്കെടുക്കുന്ന പല കുട്ടികളും ചതിക്കുഴിയിൽ വീഴാൻ സാധ്യത ഏറെയാണ്. അതിനാൽ, പുതുതലമുറയിലെ, പ്രത്യേകിച്ച്, കൗമാരത്തിലേക്ക് കടക്കുന്ന കുട്ടികൾ ഇത്തരം ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കേണ്ട ഭാരിച്ച ഉത്തരവാദിത്വം രക്ഷിതാക്കളിൽ വന്നുചേരുന്നു. പ്രായം കുറഞ്ഞ കുട്ടികൾ പ്രധാനമായും ഉപയോഗിക്കുന്നത് പുകയില ഉല്പന്നങ്ങളായ ഹാൻസ്, കൂൾലിപ്, ശംഭു പോലുള്ള ലഹരി പദാർത്ഥ ങ്ങളാണ്. കൂട്ടുകാർ വഴിയും മറ്റും ലഹരി ഉപയോഗത്തിലേക്ക് എത്തുന്ന ഇവർ പിന്നീട് ഈ എൻട്രി ഡ്രഗ്ഗുകളിൽ നിന്നും കഞ്ചാവിലേക്കും മറ്റുലഹരി പദാർത്ഥങ്ങളിലേക്കും എത്തിച്ചേരുന്നു. സിനിമകളിലെ ലഹരി ഉപയോഗിക്കുന്ന കഥാപാത്രങ്ങൾ കുട്ടികളെ സ്വാധീനിക്കുന്ന വലിയൊരു ഘടകമാണ്. സ്വയം നിയന്ത്രണത്തിനപ്പുറമുള്ള ഇടപെടലുകൾ പല സിനിമകളുടെയും കാര്യത്തിൽ ഇനി ഉണ്ടാകേണ്ടതുണ്ട്. ലഹരിക്കെതിരെ സമൂഹമൊന്നാകെ ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഗുരുതരമായ ഈ സാഹചര്യത്തെ മറികടക്കുന്നതിന് നമ്മുടെ ബഹുജനപ്രസ്ഥാനങ്ങളും പത്ര, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളും വളരെ ജാഗ്രതയോടെ പ്രവർത്തിക്കുന്നത് ആശ്വാസകരമാണ്.

**3)** കഞ്ചാവ്, മയക്കുമരുന്ന് എന്നിവയുമായി ബന്ധപ്പെട്ട കേസുകളിൽ പ്രതികൾക്കെതിരെ പ്രയോഗിക്കുന്ന ശക്തമായ കേന്ദ്ര നിയമമാണ് 1985-ലെ നാർക്കോട്ടിക് ഡ്രഗ് & സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് (എൻ.ഡി.പി.എസ്.) ആക്റ്റ്. ഈ ആക്റ്റ് പ്രകാരം കേസെടുക്കുന്നതിന് മയക്ക് മരുന്നുകളെ അവയുടെ അളവ് അടിസ്ഥാനമാക്കി Small Quantity, Medium Quantity, Commercial Quantity എന്നിങ്ങനെ വേർതിരിച്ചിരിക്കുന്നു. Small Quantity

മരുന്നുകൾ, കഞ്ചാവ് തുടങ്ങിയവ കണ്ടെടുക്കുന്ന കേസുകൾ ജാമ്യം ലഭിക്കാവുന്നവയാണ്. എന്നാൽ എൻ.ഡി.പി.എസ്. നിയമത്തിൽ മയക്കുമരുന്നുകൾ വ്യാവസായിക അളവിൽ(കൊമേഴ്സ്യൽ ക്വാണ്ടിറ്റി) കൈവശം വയ്ക്കുകയോ കടത്തി കൊണ്ടുവരികയോ ചെയ്യുന്ന വ്യക്തികൾക്ക് 10 വർഷം മുതൽ 20 വർഷം വരെ കഠിന തടവും ഒരു ലക്ഷം രൂപ മുതൽ 2 ലക്ഷം രൂപ വരെ പിഴ ശിക്ഷയും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ മയക്കുമരുന്ന് കേസിൽ ഗൂഢാലോചന തെളിയിക്കുവാൻ പ്രോസിക്യൂഷന് കഴിയുകയാണെങ്കിൽ ശിക്ഷയുടെ കാലാവധി 20 മുതൽ 40 വർഷം വരെയായി ഉയരും. ഒരിക്കൽ കൊമേഴ്സ്യൽ ക്വാണ്ടിറ്റി കേസിൽ പിടിക്കപ്പെട്ട് ശിക്ഷിക്കപ്പെട്ട ശേഷം വീണ്ടും അത്തരം കേസുകളിൽ ശിക്ഷിക്കപ്പെട്ടാൽ 1985-ലെ എൻ.ഡി.പി.എസ്. ആക്റ്റ് പ്രകാരം വധശിക്ഷ വരെ ലഭിച്ചേക്കാം. മാത്രമല്ല, ലഹരി വസ്തുക്കളുടെ വ്യാപാരവുമായി ബന്ധപ്പെട്ട് സഹായം നൽകുന്നതും ലഹരി വസ്തുക്കൾ കൈവശപ്പെടുത്താൻ ശ്രമിക്കുന്നതും അവയുടെ വിൽപ്പനയും വിതരണവുമായി ബന്ധപ്പെട്ട കുറ്റകരമായ ഗൂഢാലോചനയിൽ പങ്കുചേരുന്നതും ശിക്ഷാർഹമാണ്. എന്നാൽ, എൻ.ഡി.പി.എസ്. ആക്റ്റ് പ്രകാരം നിരവധി കുറ്റവാളികൾക്ക് ശിക്ഷ വാങ്ങിക്കൊടുക്കാനായിട്ടുണ്ടെങ്കിലും കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് ക്രമാതീതമായി വർദ്ധിക്കുന്നതിൽ സമിതി ആശങ്ക രേഖപ്പെടുത്തുന്നു.

**4)** എൻ.ഡി.പി.എസ്. ആക്റ്റിനുപുറമേ മദ്യം, പുകയില, മയക്കുമരുന്ന് എന്നിവയുടെ ദുരുപയോഗവുമായി ബന്ധപ്പെട്ട വ്യക്തിളെ ശിക്ഷിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വേറെയും നിയമങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. Kerala Police Act 2011-ന്റെ 118-ാം വകുപ്പിന്റെ ഉപവകുപ്പ് (1) പ്രകാരം പതിനെട്ട് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് മദ്യം ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങൾ വിൽക്കുന്നതും, ഉപയോഗിക്കാൻ പ്രേരണ നൽകുന്നതും, വിദ്യാലയങ്ങളിൽ നിന്നും നിർദ്ദിഷ്ട അകലത്തിൽ കുറഞ്ഞ സ്ഥലത്ത് മദ്യശാലകൾ നടത്തുന്നതും, മദ്യം പരസ്യം ചെയ്യുന്നതും ശിക്ഷാർഹമാണ്. അതുപോലെ, ജുവനൈൽ ജസ്റ്റിസ് ആക്റ്റിലെ സെക്ഷൻ 77 പ്രകാരം മദ്യമോ മയക്കുമരുന്നോ മറ്റ് സൈക്കോട്രോപ്പിക് പദാർത്ഥമോ ഒരു കുട്ടിക്ക് വിൽക്കുന്നത് കൊഗ്നൈസിബിൾ കുറ്റകരവും, പ്രസ്തുത ആക്റ്റിന്റെ സെക്ഷൻ 78 പ്രകാരം ഇത്തരം

പദാർത്ഥങ്ങളുടെ വിൽപ്പനയ്ക്കോ, കടത്തിനോ, വിതരണത്തിനോ, ഉപഭോഗത്തിനോ കുട്ടികളെ ഉപയോഗിക്കുന്നത് കഠിന തടവിന് ബാധ്യസ്ഥവുമാണ്. ലഹരി, ലഹരിജന്യ ഉത്പന്നങ്ങൾ എന്നിവയുടെ വ്യാപാരം, കടത്ത്, ഉപയോഗം തുടങ്ങിയ കുറ്റകൃത്യങ്ങൾക്ക് Indian Penal Code (IPC), Bharathiya Nyaya Sanhita (BNS), Prevention of Illicit Traffic in NDPS Act 1988, Cigarette and Other Tobacco Product Act 2003(COTPA), Juvenile Justice (Care and Protection of Children) Act 2015. Kerala Antisocial Activities (Prevention) Act 2007, Kerala Police Act 2011, Kerala Abkari Act തുടങ്ങിയ നിയമങ്ങൾ ശക്തമായ ശിക്ഷാ നടപടികൾ ഉറപ്പാക്കുന്നുണ്ട്. നിയമാനുസൃതമായി ഇത്രയേറെ ശിക്ഷകളുറപ്പാക്കിയിട്ടും കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നത് നിയമാവബോധം ഇല്ലാത്തതിനാൽ മാത്രമല്ല, മറിച്ച് നിയമങ്ങളിലെ പഴുതുകൾ കുറ്റവാളികളിൽ രക്ഷപ്പെടാമെന്ന ഉറച്ച വിശ്വാസം സൃഷ്ടിക്കുന്നതിനാൽക്കൂടിയാണെന്ന് സമിതി വിലയിരുത്തുന്നു.

**5)** കുട്ടികൾക്കെതിരെ ആണെങ്കിൽപ്പോലും ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്ക് ഉയർന്ന ശിക്ഷ ഉറപ്പാക്കുവാൻ സാഹചര്യമില്ലെന്നത് ഖേദകരമായ വസ്തുതയാണ്. ഉദാഹരണത്തിന് ഒരു കിലോഗ്രാമിന് താഴെയുള്ള കഞ്ചാവ് Small Quantity വിഭാഗത്തിലാണ് വരുന്നത്. അതുപ്രകാരം, 995 ഗ്രാം കഞ്ചാവ് പിടിച്ചെടുത്ത് ചാർജ്ജ് ചെയ്യുന്ന കേസിലെ പ്രതികൾക്ക് ജാമ്യം ലഭിക്കുന്നു. ഇത് എൻ.ഡി.പി.എസ്. ആക്റ്റിന്റെ ഒരു പ്രധാന പരിമിതിയാണെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നിരിക്കിലും, കേന്ദ്ര നിയമങ്ങളിലെ ഇത്തരം ന്യൂനതകൾ ചൂണ്ടിക്കാട്ടിക്കൊണ്ട് വിവിധ ലഹരി വസ്തുക്കളുടെ Small Quantity, Medium Quantity, Commercial Quantity അളവുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി സംസ്ഥാന നികുതി വകുപ്പ് കേന്ദ്ര സർക്കാരിലേക്ക് ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നതോടൊപ്പം, ഇത്തരത്തിൽ Small Quantity കേസുകളിലും, ഏതു വിഭാഗത്തിൽപ്പെട്ട ലഹരി പദാർത്ഥമായാലും കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പാക്കുന്നവിധത്തിൽ കേന്ദ്രനിയമം ഭേദഗതി ചെയ്യപ്പെടേണ്ടത് അനിവാര്യമാണെന്നും, അതിനാൽ, ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിച്ച ശിപാർശകൾ നടപ്പിലാക്കിക്കിട്ടുന്നതിനുള്ള അനന്തര നടപടികൾ കൃത്യമായി സ്വീകരിക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെടുകയും ചെയ്യുന്നു.

**6)** സ്കൂൾ വിദ്യാർത്ഥികൾക്കിടയിലും, നഗരങ്ങളിൽ മുതൽ ചെറിയ പട്ടണങ്ങളിലും ഗ്രാമപ്രദേശങ്ങളിലും വരെയുള്ള എല്ലാ സാമൂഹിക സാമ്പത്തിക വിഭാഗങ്ങളിലുമുള്ള കുട്ടികൾക്കിടയിലും ലഹരിവസ്തുക്കളുടെ ഉപയോഗം കണ്ടുവരുന്നതായി സമീപകാല പഠനങ്ങൾ സൂചിപ്പിക്കുന്നു. കുട്ടികളിലെ ലഹരി ഉപയോഗം തുടച്ചുനീക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് 'ഓപ്പറേഷൻ ക്ലീൻ സ്റ്റേറ്റ്' എന്ന ക്യാപ്ഷനോടുകൂടി എക്സൈസ് വകുപ്പ് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തമാക്കിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് ആരംഭിച്ച ലഹരി വർജ്ജന മിഷൻ 'വിമുക്തി' ക്ക് കീഴിൽ 2020-ൽ, സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നുമുള്ള 10-നും 19-നും ഇടയിൽ പ്രായമുള്ള അറുനൂറ് ലഹരി ഉപയോക്താക്കളായവരും ലഹരി ഉപയോഗം മൂലം രോഗികളായവരുമായ കുട്ടികളെയും കൗമാരക്കാരെയും തെരഞ്ഞെടുത്ത് നടത്തിയ ഒരു പഠനത്തിൽ, കുട്ടികളിൽ 82% പേർ കഞ്ചാവും, അതിൽ 75.60% പേർ കഞ്ചാവും പുകയിലയും സംയുക്തമായും, 64% പേർ മദ്യവും, 25.5% പേർ വിവിധതരം ഗുളികകളും, 7.5% പേർ മാനസിക രോഗങ്ങൾ സുഖപ്പെടുത്തുന്നതിന് ഡോക്ടർമാരുടെ നിർദ്ദേശാനുസരണം മാത്രം ഉപയോഗിക്കേണ്ട മരുന്നുകളും, 6.5% പേർ L.S.D. യും, 2.8% പേർ ഹാഷിഷും, 2% പേർ ഉന്മാദ മരുന്നുകളും, 0.83% പേർ കൊക്കെയിൻ, ഹെറോയിൻ എന്നിവയും, 0.24% പേർ ഓപ്പിയവും ലഹരിക്കുവേണ്ടി ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, പഠനത്തിനായി തെരഞ്ഞെടുത്ത കുട്ടികളിൽ 78% വും ആദ്യമായി ഉപയോഗിച്ച ലഹരിവസ്തു പുകയിലയാണെന്നും കണ്ടെത്തിയിട്ടുണ്ട്. ടി പഠനത്തിനായി തെരഞ്ഞെടുത്തവരിൽ 70% പേരും 10 നും 15 നും മദ്ധ്യേയുള്ള പ്രായത്തിലും 20% പേർ 15 നും 19 നും മദ്ധ്യേയുള്ള പ്രായത്തിലും, 9% പേർ 5 നും 10 നും മദ്ധ്യേയുള്ള പ്രായത്തിൽത്തന്നെയും നേരിട്ടോ അല്ലാതെയോ ലഹരി ഉപയോഗം ആരംഭിച്ചിരുന്നു എന്നതാണ് ഞെട്ടിപ്പിക്കുന്ന മറ്റൊരു കണ്ടെത്തൽ. ഈ പഠനത്തിലെ കണ്ടെത്തലുകൾ അനുസരിച്ച് കുട്ടികളിലേക്ക് ആദ്യമായി ലഹരി എത്തുന്നത് എവിടുന്നെല്ലാമാണെന്നും അതിന്റെ തോതും ചുവടെ ചേർക്കുന്നു.

| **കുടുംബം** | **കൂട്ടുകാർ** | **അയൽക്കാർ** | **മുതിർന്നവർ** | **വീട്ടിനടുത്തുള്ള കടകൾ** | **സ്കൂളിനടുത്തുള്ള കടകൾ** |
|---|---|---|---|---|---|
| 5% | 79% | 3% | 7% | 4% | 2% |

**7)** ലഹരി വസ്തുക്കൾ ഉപയോഗിക്കുന്ന കുട്ടികൾ സാധാരണയായി ഉറക്കമില്ലായ്മ, അകാരണമായ ദേഷ്യം, അക്രമവാസന, വ്യക്തിശുചിത്വം പാലിക്കുന്നതിലുള്ള വൈമുഖ്യം എന്നിങ്ങനെയുള്ള ലക്ഷണങ്ങൾ പ്രകടിപ്പിക്കാറുണ്ടെന്ന് പഠനങ്ങൾ പറയുന്നു. ഈ ലക്ഷണങ്ങൾ അളവിൽ കവിഞ്ഞ് പ്രകടിപ്പിക്കുന്നുണ്ടോയെന്ന് രക്ഷിതാക്കൾ നിരീക്ഷിക്കുന്നത് ലഹരി ഉപയോഗം സംശയിക്കുന്നതിനും കണ്ടെത്തുന്നതിനും ഒരു പരിധിവരെ സഹായകരമാകുന്നു. ഇത്തരം കുട്ടികളെ ഒരു വിദഗ്ധ ഡോക്ടറുടെ/മനഃശാസ്ത്രജ്ഞന്റെ പരിശോധനയ്ക്ക് വിധേയരാക്കേണ്ടത് അനിവാര്യമാണെന്ന് സമിതി കരുതുന്നു. എന്നാൽ പല രക്ഷകർത്താക്കൾക്കും കുട്ടികളിൽ ഉണ്ടാകുന്ന ഇത്തരം സ്വഭാവ വ്യതിയാനങ്ങൾ ലഹരി ഉപയോഗത്തെത്തുടർന്ന് ഉണ്ടായതാണെന്ന ധാരണ ഇല്ലാത്തതുമൂലം കുട്ടികളിലെ ലഹരി ഉപയോഗം നേരത്തെ തിരിച്ചറിയുന്നതിനോ കുട്ടികളെ മതിയായ ചികിത്സ നൽകി സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരുന്നതിനോ സാധിക്കാതെ വരുന്നു. അതിനാൽ, കുട്ടികളിലെ ലഹരി ഉപയോഗം സംബന്ധിച്ച് രക്ഷിതാക്കൾക്ക് ആവശ്യമായ അവബോധം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആരോഗ്യ കുടുംബക്ഷേമം, വനിത ശിശുവികസനം എന്നീ വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.

**8)** കുട്ടികളിലെ സ്വഭാവ, വൈകാരിക, മാനസികാരോഗ്യ, പഠന വെല്ലുവിളികളെ നേരിടുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിനായി അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും പൊതുസമൂഹത്തിന്റെയും കൂട്ടായ്മയിലൂടെ ഇത്തരം പ്രശ്നങ്ങൾ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിക്കുന്നതിനും കുട്ടികളിലെ ജീവിത നൈപുണികളെ വികസിപ്പിക്കുന്നതിനുമായി സ്കൂൾ തലത്തിൽ, വനിത ശിശുവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിവരുന്ന പദ്ധതിയാണ് 'ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ ആർ സി)'. ഇത് ഒരു മാതൃകാ പദ്ധതിയാണെന്ന് സമിതി കരുതുന്നു.

**9)** സംസ്ഥാനതലത്തിൽ മൂന്നോളം ഉദ്യോഗസ്ഥർ കോർഡിനേറ്റ് ചെയ്യുന്ന 'ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ ആർ സി)' പദ്ധതിക്ക് കീഴിൽ ജില്ലാതലത്തിൽ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകളോട് ചേർന്ന് ജില്ലാ റിസോഴ്സ് സെന്റർ (ഡി.ആർ.സി)

പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പദ്ധതിയുടെ ഭാഗമായുള്ള സൈക്കോളജിസ്റ്റുമാരും കോ-ഓർഡിനേറ്ററും സ്കൂളുകളുമായി സഹകരിച്ച് എല്ലാ അധ്യാപകർക്കും പരിശീലനം നൽകുകയും, ഓരോ സ്കൂളുകളിലും ഉള്ള നോഡൽ ടീച്ചർമാർ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സ്കൂൾ തലത്തിൽ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. ഒ ആർ സി പദ്ധതിക്കുകീഴിൽ, കുട്ടികളിലെ വൈകാരികവും, പെരുമാറ്റ സംബന്ധവും, പഠന സംബന്ധവുമായ പ്രശ്നങ്ങൾ (severe, moderate, mild) തിരിച്ചറിയുന്നതിന് പരിശീലനം ലഭിച്ച അദ്ധ്യാപകർ മുഖേന ഇത്തരം കുട്ടികൾക്കുവേണ്ട പരിചരണം നൽകുകയാണ് ഇതിന്റെ ലക്ഷ്യം. കുട്ടികളിലെ വിവിധ പ്രശ്നങ്ങളിൽ, mild വിഭാഗത്തിലുള്ള പ്രശ്നങ്ങൾ ഉള്ളതായി തിരിച്ചറിഞ്ഞ കുട്ടികളെ അദ്ധ്യാപകർക്കുതന്നെ പരിചരിക്കാവുന്നതേയുള്ളുവെന്നും, moderate വിഭാഗത്തിൽപ്പെട്ട (Emotional/behavioural) പ്രശ്നങ്ങളുള്ള കുട്ടികളെ സ്കൂൾ കൗൺസിലർമാരുടെ സഹായത്തോടെ പരിചരിച്ചുവരുന്നതായും സമിതി മനസ്സിലാക്കുന്നു.

**10)** ലഹരി ഉപയോഗം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ കണ്ടെത്തിയിട്ടുള്ള Severe വിഭാഗത്തിൽപ്പെടുന്ന കുട്ടികളെ, സ്കൂൾ കൗൺസിലർമാർ, ഡിസ്ട്രിക്ട് മെന്റൽ ഹെൽത്ത് പ്രോഗ്രാമിലേക്കോ, വനിത ശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഡിസ്ട്രിക്ട് റിസോഴ്സ് സെന്ററുകളിലേക്കോ(ഡി.ആർ.സി) തുടർചികിത്സയ്ക്കായി റഫർ ചെയ്യുന്നു. അവിടങ്ങളിലുള്ള സൈക്കോളജിസ്റ്റിനുപുറമേ സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവർകൂടി ഉൾപ്പെടുന്ന ഒരു വിദഗ്ധ പാനലാണ് കേസുകൾ കൈകാര്യം ചെയ്യുന്നത്. ഇത്തരത്തിൽ 2024-25 കാലയളവിൽ Severe വിഭാഗത്തിലുള്ള കുട്ടികളുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്ത കേസുകളിൽ, ലഹരിയുമായി ബന്ധപ്പെട്ടുള്ള ഡീ-അഡിക്ഷനായി 208 കേസുകളാണ് വിവിധ സ്കൂളുകളിൽ നിന്നും മറ്റ് സ്ഥലങ്ങളിൽനിന്നുമായി റഫർ ചെയ്ത് വന്നിരുന്നതെന്നും സമിതിക്ക് ബോധ്യമായിട്ടുണ്ട്.

**11)** എന്നാൽ, സംസ്ഥാനത്തെ വിവിധ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കാനുദ്ദേശിച്ച് നടപ്പിലാക്കിവരുന്ന 'ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ' പദ്ധതി ആയിരം സ്കൂളുകളിലേക്ക് വ്യാപിപ്പിക്കാൻ അനുമതി ലഭിച്ചിട്ടും ഫണ്ടിന്റെ അപര്യാപ്തതമൂലം പദ്ധതി

കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുന്നതിൽ തടസ്സം നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ ഒ.ആർ.സി.പദ്ധതി മുഖേന കുട്ടികളിലും കൗമാരക്കാരിലുമുള്ള ലഹരി ഉപയോഗം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകണമെന്നും, ലഹരിക്കേസുകൾ വർഷാവർഷം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കുട്ടികൾ ലഹരി ഉപയോഗം പോലുള്ള കുറ്റകൃത്യങ്ങളിലേർപ്പെടുന്നത് തടയുന്നതിന് ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തണമെന്നും, അതിനായി ഇത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന 'ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ ആർ സി) പദ്ധതി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കണമെന്ന് ധനകാര്യ വകുപ്പിനോടും, ഫണ്ട് ലഭിക്കുന്നമുറയ്ക്ക് O.R.C. പദ്ധതി സംസ്ഥാനത്തെ കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സംയുക്തമായി സ്വീകരിക്കണമെന്ന് പൊതുവിദ്യാഭ്യാസ, വനിത ശിശുവികസന വകുപ്പുകളോടും സമിതി ശിപാർശ ചെയ്യുന്നു.

**12)** ഭവനരഹിതരായ കുട്ടികൾ, ലഹരി ഉപയോഗിച്ച ചരിത്രമുള്ളവരുടെ കുടുംബങ്ങളിൽനിന്നുമുള്ള കുട്ടികൾ തുടങ്ങിയവർ ലഹരിയിൽ അഭയം തേടുന്നതിന് സാദ്ധ്യതകളേറെയാണ്. ഇവർ മാനസികമായ ആരോഗ്യം തീരെയില്ലാത്തവരാണെന്നതാണ് ഇതിന് പ്രധാനകാരണമെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ ഇത്തരം കുട്ടികൾക്ക് സർക്കാർ ഫലപ്രദമായ സുരക്ഷിത ഇടങ്ങൾ ഒരുക്കേണ്ടതുണ്ടെന്നും ഈ കേന്ദ്രങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് സേവനങ്ങളും പുനരധിവാസ സേവനങ്ങളും ഒരുക്കണമെന്നും, അതിലൂടെ, കുട്ടികളെ സാധാരണ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരുന്നതിന് ആവശ്യമായ ഊർജ്ജിത നടപടി സ്വീകരിക്കണമെന്നും സമിതി വനിത ശിശുവികസന വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**13)** പഠന സമ്മർദ്ദമുള്ള കുട്ടികളെ ലഹരി മാഫിയയ്ക്ക് എളുപ്പത്തിൽ കെണിയിലകപ്പെടുത്താനാകും. ഇത്തരത്തിൽ സമ്മർദ്ദമനുഭവിക്കുന്ന കുട്ടികൾക്ക് രക്ഷിതാക്കളും അദ്ധ്യാപകരുമാണ് ആവശ്യമായ പിന്തുണയും പരിചരണവും നൽകേണ്ടത്. എന്നാൽ കുട്ടികളെ

തങ്ങളേക്കാൾ വലിയവരാക്കണം എന്ന മനോഭാവമുള്ള ഇക്കാലത്തെ ഭൂരിപക്ഷം രക്ഷിതാക്കളും കുട്ടികളുടെ മാനസികാരോഗ്യം കാത്തുസൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവാൻമാരല്ലെന്നതാണ് വസ്തുത. കുട്ടികൾക്ക് അവരുടെ മനസ്സിലുള്ള കാര്യങ്ങൾ തുറന്നുപറയുന്നതിനുള്ള അവസരം വീടുകളിൽ ഉണ്ടാകേണ്ടത് അത്യാവശ്യമാണെന്നും പഠനകാര്യങ്ങളിൽ അവർക്ക് അനാവശ്യ സമ്മർദ്ദം നൽകുന്നത് കുട്ടികളെ ലഹരിയിൽ അഭയം തേടുന്നതിലേക്ക് നയിച്ചേക്കാമെന്നും സമിതി വിലയിരുത്തുന്നു.

**14)** രക്ഷകർത്താക്കളുടെ ഭാഗത്തുനിന്നുമുണ്ടാകുന്ന വലിയ വീഴ്ചയാണ് ആവശ്യത്തിലധികം പണം കുട്ടികൾക്ക് കൈകാര്യം ചെയ്യാൻ നൽകുന്നത്. ഇങ്ങനെ അമിതമായി പണം കുട്ടികൾക്ക് നൽകുന്നത് പലപ്പോഴും അവർക്ക് ലഹരി വസ്തുക്കളും മറ്റും വാങ്ങി ഉപയോഗിക്കുന്നതിന് പ്രേരണ നൽകിയേക്കാം. പുതുതലമുറയിലെ രക്ഷിതാക്കൾക്ക് ഉത്തരവാദിത്വ രക്ഷകർതൃത്വത്തെ സംബന്ധിച്ച് വേണ്ടത്ര ധാരണയില്ലാത്തത് ഇതിനൊരു പ്രധാന കാരണമാണ്.

**15)** ഈ സാഹചര്യം കണക്കിലെടുത്ത്, ഒ.ആർ.സി. പ്രവർത്തനങ്ങൾ എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതുവരെ പി.ടി.എ., ജാഗ്രതാ സമിതികൾ, വിമുക്തി ക്ലബ്ബുകൾ എന്നിവയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന രക്ഷകർതൃ ബോധവൽക്കരണ ക്ലാസ്സുകളിലൂടെ, ഒരു വിദഗ്ദ്ധ സൈക്കോളജിസ്റ്റിന്റെ നേതൃത്വത്തിൽ രക്ഷകർത്താക്കൾക്കും അദ്ധ്യാപകർക്കും കുട്ടികളിലെ ലഹരി ഉപയോഗം തടയുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച അവബോധം ഉണ്ടാക്കണമെന്നും, അവരിൽ ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ വൈദഗ്ദ്ധ്യം സൃഷ്ടിക്കണമെന്നും ആരോഗ്യ കുടുംബക്ഷേമം, പൊതുവിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.

**16)** മദ്യത്തിന് അടിമകളായവരെ ചികിത്സിച്ച് സുഖപ്പെടുത്തുക, വരുംതലമുറയെ ലഹരിയുടെ കെണിയിൽ പെടാതെ സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങളോടെ നികുതി വകുപ്പ് നടപ്പിലാക്കുന്ന 'വിമുക്തി മിഷൻ' പ്രവർത്തനങ്ങൾക്ക് പുറമേ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

വനിത ശിശുവികസന വകുപ്പിന്റെ ഒ.ആർ.സി പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന റിസോഴ്സ് സെന്ററുകൾ മുഖേനയും നടപ്പിലാക്കി വരുന്നത് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജം പകരുമെന്ന് സമിതി വിലയിരുത്തുന്നു. ഇത് കൂടാതെ ഒ.ആർ.സി- ക്ക് കീഴിലുള്ള ജില്ലാ റിസോഴ്സ് സെന്ററുകൾ എന്ന ആശയം വിപുലപ്പെടുത്തി താലൂക്ക് തലത്തിൽ തന്നെ റിസോഴ്സ് സെന്ററുകൾ ആരംഭിക്കണമെന്നും ടി റിസോഴ്സ് സെന്ററുകൾ വഴി കുട്ടികളിലെ ലഹരി ഉപയോഗത്തിന് തടയിടുന്നതിനായി അദ്ധ്യാപകർക്കുപുറമേ രക്ഷകർത്താക്കളെക്കൂടി പ്രാപ്തരാക്കുന്നതിനാവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തണമെന്നും, കുട്ടികളിൽ ലഹരി ഉപയോഗം കണ്ടെത്തിയാൽ അതെങ്ങനെ തടയാം, ഇതിനുള്ള പ്രാഥമിക നടപടികൾ എന്തെല്ലാം, ഇത്തരം പ്രശ്നങ്ങൾ എൻഫോഴ്സ്മെന്റ് ഏജൻസികളെ അറിയിക്കുന്നതിന്റെ പ്രാധാന്യമെന്ത്, ഉത്തരവാദിത്വ രക്ഷകർതൃത്വം എന്നിങ്ങനെയുള്ള വിഷയങ്ങൾ ഈ ബോധവത്കരണ ക്ലാസുകളിൽ ഉൾപ്പെടുത്തണമെന്നും സമിതി വനിത ശിശുവികസന വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**17)** സാമ്പത്തിക പ്രശ്നങ്ങൾ, മാതാപിതാക്കൾ തമ്മിലുള്ള പ്രശ്നങ്ങൾ, വേർപിരിയൽ, ഗാർഹിക പീഡനം, രോഗാവസ്ഥയിലുള്ള മാതാപിതാക്കൾ എന്നിങ്ങനെയുള്ള വെല്ലുവിളികൾ നേരിടുന്ന അഥവാ Dysfunctional/broken കുടുംബങ്ങളിൽനിന്നുള്ള കുട്ടികൾ ലഹരി ഉപയോഗത്തിലേക്കും മറ്റും തിരിയാനുള്ള സാദ്ധ്യത കൂടുതലാണ്. അദ്ധ്യാപക പരിശീലനത്തിന്റെ ഭാഗമായി, ഇത്തരത്തിലുള്ള കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളെ കണ്ടെത്തി, അവർക്ക് പ്രത്യേക പരിഗണനയും പരിചരണവും നൽകുന്നതിനുള്ള പരിശീലനവും കൂടി അദ്ധ്യാപകർക്ക് നൽകണമെന്നത് ഒരു പ്രധാനകാര്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, പൊതുവിദ്യാഭ്യാസം, വനിത ശിശുവികസനം എന്നീ വകുപ്പുകൾ സംയുക്തമായി നടപ്പാക്കുന്ന 'ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ' പദ്ധതിയുടെയും, ഇതര പദ്ധതികളുടെയും ഭാഗമായി അദ്ധ്യാപകർക്ക് പരിശീലനം നൽകുമ്പോൾ, വിവിധ വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങളിൽനിന്നുമുള്ള കുട്ടികളെ തിരിച്ചറിഞ്ഞ് അവർക്ക് പ്രത്യേക പരിഗണന നൽകുന്ന വിഷയം കൂടി പരിശീലന പദ്ധതിയുടെ ഭാഗമാക്കണമെന്ന് പൊതുവിദ്യാഭ്യാസ, വനിത ശിശുവികസന വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.

**18)** കുട്ടികളിലെ ലഹരി ഉപയോഗം പോലുള്ള വിഷയങ്ങൾ സംബന്ധിച്ച് രക്ഷിതാക്കളെ ബോധവാൻമാരാക്കുന്നതിന് വനിത ശിശുവികസന വകുപ്പ് സോഷ്യൽ മീഡിയ മുഖേന തുടക്കംകുറിച്ച പാരന്റിംഗ് പ്രവർത്തനങ്ങൾക്ക് കോവിഡ് സമയത്ത് രക്ഷിതാക്കളുടെ ഭാഗത്തുനിന്നും മികച്ച പ്രതികരണം ലഭിച്ചിരുന്നു. ഇതേത്തുടർന്ന്, നിലവിൽ പരീക്ഷണാടിസ്ഥാനത്തിൽ ബ്ലോക്ക് തലത്തിൽ കേരളത്തിലുടനീളമുള്ള ഐ.സി.ഡി.എസ്. ബ്ലോക്ക് ഓഫീസുകളിൽ പാരന്റിംഗ് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുള്ളതായും, പ്രത്യേക പരിശീലനം ലഭിച്ച സ്കൂൾ കൗൺസിലർമാരുടെ സേവനത്തിലൂടെ 152 ബ്ലോക്കുകളിലും 6 കോർപ്പറേഷനുകളിലുമായി സംസ്ഥാനത്ത് ആകെ 158 ക്ലിനിക്കുകൾ ആഴ്ചയിൽ ശനിയാഴ്ച ദിവസംതോറും പ്രവർത്തിച്ചുവരുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ, രക്ഷകർതൃത്വത്തിന് മാർഗ്ഗനിർദ്ദേശം ലഭിക്കുകയെന്നതിലുപരിയായി കുട്ടികളിലെ ഡിജിറ്റൽ അഡിക്ഷൻ, ലഹരി ഉപയോഗം, കുട്ടികളിലെ പഠന സംബന്ധമായ പ്രശ്നങ്ങൾ, വൈകാരിക/പെരുമാറ്റ പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങൾ അവതരിപ്പിക്കുവാനാണ് മാതാപിതാക്കൾ കൂടുതലായും പാരന്റിംഗ് ക്ലിനിക്കുകളിലെത്തുന്നതെന്നും, ഈ ക്ലിനിക്കുകളിൽ പരിഹരിക്കാനാകാത്ത കേസുകൾ ഡിസ്ട്രിക്ട് മെന്റൽ ഹെൽത്ത് പ്രോഗ്രാമിലേക്കോ ബി ആർ സി കളിലേക്കോ റഫർ ചെയ്യപ്പെടുന്നതായും സമിതി മനസ്സിലാക്കുന്നു. ഇതുകൂടാതെ, പാരന്റിംഗ് ക്ലിനിക്കുകൾക്ക് പുറമേ പാരന്റിംഗ് ഔട്ട് റീച്ച് പ്രോഗ്രാമുകൾ വഴിയും എല്ലാ ശനിയാഴ്ചകളിലും ബ്ലോക്കിന് കീഴിലെ പഞ്ചായത്തുകളിൽ കൗൺസിലിംഗ് ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ടെന്നും അതിലും ഡിജിറ്റൽ അഡിക്ഷൻ, ലഹരിയുപയോഗം തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ സംഘടിപ്പിക്കുന്നുണ്ടെന്നും, കൗൺസിലിംഗ് ആവശ്യമായ മാതാപിതാക്കൾക്ക് പാരന്റിംഗ് ക്ലിനിക്കുകളെ നേരിട്ട് ബന്ധപ്പെടാവുന്നതാണെന്നും വനിത ശിശുവികസന വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്.

**19)** വനിത ശിശുവികസന വകുപ്പിന്റെ 'ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ' പദ്ധതിയുടെ ഭാഗമായ പ്രിവെൻഷൻ പ്രവർത്തനങ്ങളിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു. <u>ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ' പദ്ധതിയുടെ ഭാഗമായ പാരന്റിംഗ് ക്ലിനുക്കുകളിലൂടെ കുട്ടികളിലെ ലഹരി ഉപയോഗം സംബന്ധിച്ചും ലഹരി ഉപയോഗസാദ്ധ്യത നേരത്തെ</u>

തിരിച്ചറിയുന്നതിനും രക്ഷിതാക്കൾക്ക് ആവശ്യമായ അവബോധം സൃഷ്ടിക്കണമെന്നും അതിലൂടെ, ലഹരിക്കെതിരെയുള്ള പ്രിവെൻഷൻ പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിനും കൂടാതെ മികച്ച രക്ഷകർതൃത്വ നൈപുണ്യം (Parenting skill) ആധുനികകാലത്തെ രക്ഷിതാക്കളിൽ വളർത്തിയെടുക്കുന്നതിനുമായി കൂടുതൽ രക്ഷിതാക്കൾക്ക് പങ്കെടുക്കാനാകുന്ന വിധത്തിൽ ബ്ലോക്ക് തലത്തിൽ നടത്തിവരുന്ന പാരന്റിംഗ് ക്ലിനിക്കുകൾ പഞ്ചായത്തുതലത്തിൽ തന്നെ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി വനിത ശിശുവികസന വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**20)** ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെ സംബന്ധിച്ച് സ്കൂൾ കുട്ടികളെ ബോധവാൻമാരാക്കുന്നതിനായി ലഹരിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച പാഠഭാഗങ്ങൾ സ്കൂൾ കരിക്കുലത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി പൊതുവിദ്യാഭ്യാസ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**21)** 'An idle mind is the devil's workshop' എന്ന ആംഗലേയ ശൈലിയെ അന്വർത്ഥമാക്കുന്ന വിധത്തിലാണ് കുട്ടികളിലെ ലഹരി ഉപയോഗത്തിന്റെ രീതി. പ്രത്യേകിച്ച് ഒന്നും ചെയ്യാനോ കാര്യക്ഷമമോ ഫലപ്രദമോ ആയി ചിന്തിക്കാനൊന്നുമില്ലാത്തതോ ആയ അവസ്ഥയിലുള്ളതും ശാരീരികക്ഷമത കുറഞ്ഞതുമായ കുട്ടികളിലാണ് ലഹരി ഉപയോഗത്തിനുള്ള സാദ്ധ്യത കൂടുതലായി കണ്ടുവരുന്നത്. അതിനാൽ, ഇത്തരത്തിലുള്ള കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. അതിനായി സ്കൂൾ കുട്ടികൾക്കിടയിൽ മാനസിക, ശാരീരിക ആരോഗ്യവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട ഒരു പ്രത്യേക കരിക്കുലം തയ്യാറാക്കി സ്കൂളുകളിൽ സയൻസ്, പരിസ്ഥിതി ക്ലബ്ബുകൾ മുതലായവയുടെ മാതൃകയിൽ 'ഹെൽത്ത് & വെൽനസ് ക്ലബ്ബുകൾ' രൂപീകരിക്കുന്നത് നല്ലതായിരിക്കുമെന്ന് സമിതി കരുതുന്നു. അതനുസരിച്ച് ഗ്രൂപ്പ് ഗെയിമുകൾ, യോഗ, ധ്യാനം, വിദ്യാലയത്തിൽ പൂന്തോട്ടം ഒരുക്കൽ, കൃഷി എന്നിങ്ങനെയുള്ള വിവിധ പ്രവർത്തനങ്ങൾ നടത്താവുന്നതും, അദ്ധ്യാപകർ മുൻകൈയ്യെടുത്ത് ഉൾവലിഞ്ഞ സ്വഭാവക്കാരായ കുട്ടികളെ കണ്ടെത്തി ഇത്തരം ക്ലബ്ബുകളുടെ ലീഡർമാരായി നിയോഗിക്കാവുന്നതാണ്. ഇത് കുട്ടികൾക്ക് മാനസികവും ശാരീരികവുമായ

ഊർജ്ജം ലഭിക്കുന്നതിനും, മാനസ്സിക സമ്മർദ്ദം ലഘൂകരിക്കുന്നതിനും, കുട്ടികളിൽ പ്രശ്നപരിഹാര പ്രാപ്തി വളർത്തിയെടുക്കുന്നതിനും തന്മൂലം, ലഹരി ഉപയോഗം പോലുള്ള വിപത്തുകളിലേക്ക് കുട്ടികളുടെ ശ്രദ്ധതിരിയാതിരിക്കുന്നതിനും സഹായകരമാകുമെന്ന് സമിതി കരുതുന്നു. കുട്ടികൾക്കുവേണ്ടി ധാരാളം ഉപകാരപ്രദമായ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് ആലോചിക്കുന്നുണ്ടെന്നും 'ഹരിത വിദ്യാലയം ശുചിത്വ വിദ്യാലയം' പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ പരിസ്ഥിതി സംരക്ഷണ ശീലങ്ങൾ വളർത്തിയെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതായും വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും സമിതിക്ക് അറിയാനായി. ഇത്തരം പ്രവർത്തനങ്ങൾ/പദ്ധതികൾ സ്കൂളുകളിൽ സംഘടിപ്പിക്കുന്നതിനും, അതിനായി, ടി വിഷയങ്ങൾ കൂടി സിലബസ്സിൽ ഉൾപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പിനോടും, വിമുക്തി മിഷൻ മുഖേന ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് നികുതി (എക്സൈസ്) വകുപ്പിനോടും സമിതി ശിപാർശ ചെയ്യുന്നു.

**22)** സൈക്കോളജിക്കൽ സയൻസ് പ്രകാരം കുട്ടികളിലെ പഠന പ്രക്രിയയിൽ Cognitive, Psychomotor, Affective എന്നിങ്ങനെ മൂന്ന് domains ഉണ്ടെങ്കിലും Cognitive domain (വൈജ്ഞാനിക മേഖല)-നാണ് ഭാരതത്തിൽ പ്രാധാന്യം നൽകുന്നതെന്നും, യുവജനോൽസവം, സ്പോർട്ട്സ് മീറ്റുകൾ എന്നിവ പോലുള്ള പ്രവർത്തനങ്ങൾ കുറയൊക്കെ മാനസികവും ശാരീരികവുമായ പഠന മേഖലയ്ക്ക് (psychomotor domain) പ്രാധാന്യം നൽകുന്നുണ്ടെങ്കിലും മിക്ക കുട്ടികളും ഇതിലൊന്നും പങ്കെടുക്കുന്നില്ലെന്നും, ഇവയിൽ Affective domain അഥവാ emotional intelligence മേഖലയ്ക്ക് യാതൊരുവിധ പ്രാധാന്യവും പഠന സമ്പ്രദായത്തിൽ നൽകുന്നില്ലെന്നതാണ് വസ്തുതയെന്നും സമിതി മനസ്സിലാക്കുന്നു. ഇന്നത്തെ മത്സരാധിഷ്ഠിത ലോകത്തിൽ Intelligence Quotient (IQ)-ന് മാത്രമാണ് സമൂഹം പ്രാധാന്യം നൽകുന്നതെന്നും, ഇക്കാരണങ്ങളാൽ മതിയായ പ്രാധാന്യം ലഭിക്കാത്ത Cognitive, Psychomotor, Affective പഠന മേഖലകൾക്ക് ഒരുപോലെ പ്രാധാന്യം നൽകിയാൽ മാത്രമേ കുട്ടികളിൽ നല്ലൊരു വ്യക്തിത്വം വളർത്തിയെടുക്കാനാവുകയുള്ളുവെന്നും സമിതി വിലയിരുത്തുന്നു. ഇത്തരത്തിൽ, കുട്ടികളിൽ നല്ല വ്യക്തിത്വം വളർത്തിയെടുക്കുന്നത് ലഹരിപോലുള്ള വിപത്തുകളിൽനിന്നും സ്വയം

പിന്തിരിയുന്നതിന് കുട്ടികൾക്ക് ആവശ്യമായ വിവേചനബുദ്ധി നൽകുമെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ സംസ്ഥാനത്ത് നിലവിലുള്ള പഠന സമ്പ്രദായത്തിൽ Cognitive, Psychomotor & Affective domains അഥവാ വൈജ്ഞാനികവും, മാനസികവും ശാരീരികവുമായതും, ഭാവാത്മകവുമായ പഠനത്തിന് തുല്യപ്രാധാന്യം നൽകുന്നവിധം സ്കൂൾ കരിക്കുലം പരിഷ്കരിക്കണമെന്ന് സമിതി പൊതുവിദ്യാഭ്യാസ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**23)** മറ്റ് കുട്ടികളുമായി ഇടപെടാത്ത കുട്ടികളുടെ കായികക്ഷമത കുറയുമെന്ന് മാത്രമല്ല അവരുടെ മനസ്സിന്റെ പക്വതയും കുറയും. കുട്ടികൾ പരസ്പരം കളിക്കുമ്പോൾ(Purposeless play) മാത്രമെ അവരിൽ Emotional Intelligence രൂപപ്പെട്ട് കുട്ടികൾക്ക് പരസ്പരം മനസ്സിലാക്കാനുള്ള കഴിവ്, മറ്റുള്ളവരുടെ ഭാഗത്ത് നിന്നുകൂടി ചിന്തിക്കാനുള്ള ശേഷി, നല്ലതും ചീത്തയും തിരിച്ചറിയാനുള്ള വിവേചനബുദ്ധി മുതലായവ സിദ്ധിക്കൂ. വീടിനുപുറത്തെ കളികളും മറ്റ് കുട്ടികളുമായി ചേർന്നുള്ള പ്രവർത്തനങ്ങളും അതിനൊരു അവിഭാജ്യ ഘടകമാണ്. എന്നാൽ ഇക്കാലത്ത് വീടുകളിലും ഫ്ലാറ്റുകളിലുമുള്ള കുട്ടികൾ കായിക വിനോദങ്ങളിലോ മറ്റ് കുട്ടികളുമായി ചേർന്നുള്ള പ്രവർത്തനങ്ങളിലോ ഏർപ്പെടാതെ അവരിലേക്കുതന്നെ ചുരുങ്ങിപ്പോകുന്ന സാഹചര്യമാണ് പലയിടങ്ങളിലും കണ്ടുവരുന്നത്. കുട്ടികളെ കളിസ്ഥലങ്ങളിലേക്ക് കൊണ്ടുവന്ന് അവരെ കളിക്കാൻ പ്രേരിപ്പിക്കുകയാണ് ഇതിനുള്ള ഏക പോംവഴി. ഇപ്രകാരം കുട്ടികളുടെ കായികക്ഷമതയും മാനസികമായ പക്വതയും വിവേചനബുദ്ധിയും വളർത്തിയെടുക്കുന്നത് കുട്ടികളെ ലഹരി ഉപയോഗം പോലുള്ള പ്രശ്നങ്ങളിൽ ചെന്നുപെടാതെ സ്വയം സംരക്ഷിച്ചുനിർത്തുന്നതിന് പ്രാപ്തരാക്കുമെന്ന് സമിതി കരുതുന്നു.

**24)** എന്നാൽ, കുട്ടികൾക്ക് സുരക്ഷിതമായ കളിസ്ഥലങ്ങൾ ഇല്ലാത്തത് അവരെ റോഡുകൾ, ഇടറോഡുകൾ ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിൽ കളിക്കാനും മറ്റും പ്രേരിപ്പിക്കും. ഇത്, അലക്ഷ്യമായി കളിക്കുന്ന കുട്ടികളെ കാത്തുനിൽക്കുന്ന ലഹരി വിതരണക്കാർക്ക്, കുട്ടികളെ വളരെ പെട്ടെന്ന് സ്വാധീനിച്ച് ലഹരിക്കടിമകളാക്കുവാൻ സൗകര്യമേകുന്നു. ഇത് തടയുന്നതിനും, കായിക വിനോദങ്ങളിലും സ്പോർട്ട്സിലും ഏർപ്പെടുന്നതിലൂടെ കുട്ടികളിൽ കായികക്ഷമതയും മാനസികമായ പക്വതയും വിവേചനബുദ്ധിയും വളർത്തിയെടുക്കുന്നതിനും തദ്ദേശ സ്വയം ഭരണ

സ്ഥാപനങ്ങൾ മുഖേന, ടർഫുകൾ ഉൾപ്പെടെയുള്ള സുരക്ഷിതമായ കളിസ്ഥലങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി തദ്ദേശ സ്വയംഭരണ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**25)** സ്കൂളുകളിലെ വികസന പ്രവർത്തനങ്ങളുടെ ഫലമായി സ്കൂളുകൾക്ക് ഗ്രൗണ്ടുകൾ നഷ്ടപ്പെടുന്നതുമൂലം കുട്ടികൾക്ക് നഷ്ടമാകുന്നത് സുരക്ഷിതമായ കളിസ്ഥലങ്ങളും പരസ്പരം ഇടപഴകാനുമുള്ള സൗകര്യവുമാണ്. അതിനാൽ, വികസന പ്രവർത്തനങ്ങളും മറ്റും കാരണം സ്കൂൾ ഗ്രൗണ്ടുകൾ നഷ്ടപ്പെടുന്ന അവസ്ഥ ഭാവിയിൽ പരമാവധി ഒഴിവാക്കുന്നതിനും, അവശേഷിക്കുന്ന ഗ്രൗണ്ടുകൾ സംരക്ഷിച്ച് നിലനിർത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നും, പ്രസ്തുത ഗ്രൗണ്ടുകളെ കുട്ടികളിലെ കലാകായിക വാസനകളും ജീവിത നൈപുണിയും വികസിപ്പിക്കാൻ അനുയോജ്യമായ 'ആക്ടിവിറ്റി സെന്റർ'-കളായി പരിവർത്തനപ്പെടുത്തണമെന്നും പൊതുവിദ്യാഭ്യാസ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

**26)** സ്കൂളുകളുടെ പ്രവർത്തന സമയത്തിൽ മാറ്റം കൊണ്ടുവന്ന് 8:00 മണിമുതൽ 1:00 മണിവരെയാക്കിയാൽ ഉച്ചയ്ക്ക് ശേഷം സ്പോർട്ട്സിനും ഗെയിംസിനും പ്രാധാന്യം നൽകാമെന്നും, എന്നാൽ പല സ്കൂളുകളിലും കളിസ്ഥലമില്ലാത്ത സാഹചര്യം നിലനിൽക്കുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. അതിനാൽ സ്കൂളുകൾക്ക് അംഗീകാരം ലഭിക്കണമെങ്കിൽ കളിസ്ഥലം/അതിനുള്ള സൗകര്യം ഒരുക്കണമെന്ന വ്യവസ്ഥ കർശനമായി നടപ്പിലാക്കണമെന്ന് സമിതി പൊതുവിദ്യാഭ്യാസ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**27)** കൂടാതെ, സ്കൂളുകളിൽ എല്ലാ ദിവസവും ഫിസിക്കൽ എഡ്യൂഷൻ പിരീഡ് ഉണ്ടാകുന്നത് നല്ലതാണെന്നും, മുൻകാലങ്ങളിൽ എല്ലാ സ്കൂളുകളിലും കായിക അദ്ധ്യാപകർ ഉണ്ടായിരുന്നിടത്ത്, ഇപ്പോൾ ഫിസിക്കൽ എഡ്യൂക്കേഷൻ പിരീഡിൽ മറ്റ് വിഷയങ്ങൾ പഠിപ്പിക്കുന്ന സ്ഥിതിയാണുള്ളതെന്നും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കായിക അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിലൂടെ ഇതൊഴിവാക്കാൻ കഴിയുമെന്നും സമിതി കരുതുന്നു. അതിനാൽ, സ്പോർട്ട്സ് & ഗെയിംസ് ആക്ടിവിറ്റീസ് സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കണമെന്നും

വരും തലമുറയുടെ നല്ല ഭാവിക്കുവേണ്ടി എല്ലാ സ്കൂളുകളിലും കായിക അദ്ധ്യാപക തസ്തിക അടിയന്തരമായി സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

**28)** സംസ്ഥാന പോലീസ്, സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുള്ള സ്റ്റുഡന്റ് പോലീസ് കേഡറ്റ്(SPC) പദ്ധതി പ്രകാരം കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് സ്കൂളുകളിൽ രൂപീകരിച്ചിട്ടുള്ള സ്റ്റുഡന്റ് പോലീസ് കേഡറ്റ് സേനകളുടെ ലഹരി വർജ്ജന, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ലഹരി പോലുള്ള വിപത്തുകളിൽ ചെന്നുപെടാതെ കുട്ടികളെ ഊർജ്ജസ്വലരായി നിലനിർത്തുന്നതിന് SPC പദ്ധതിക്ക് വലിയ പങ്കുവഹിക്കാനാകുമെന്ന് സമിതി കരുതുന്നു. SPC പദ്ധതിയിൽ അംഗമായ കുട്ടികൾക്ക് യൂണിഫോമ്ഡ് സർവീസുകളിൽ 5% റിസർവേഷൻ നൽകുന്നുണ്ടെന്നത് എടുത്തുപറയേണ്ട കാര്യമാണ്. എന്നാൽ, SPC പദ്ധതി ആരംഭിച്ച് വർഷങ്ങളേറെയായെങ്കിലും ഈ പദ്ധതി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലൊഴിച്ച് മറ്റ് സ്കൂളുകളിൽ നടപ്പിലാക്കപ്പെടുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ, ലഹരി പോലുള്ള വിപത്തുകളിൽ കുട്ടികൾ ചെന്നുപെടാതെ അവരെ സംരക്ഷിക്കുന്നതിനും, കുട്ടികളെ ഊർജ്ജസ്വലരായി നിലനിർത്തുന്നതിനും സാമ്പത്തിക പ്രയാസങ്ങൾ കണക്കിലെടുക്കാതെ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, സ്വകാര്യ സ്കൂളുകളിലേക്കും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വ്യാപിപ്പിക്കണമെന്നും അത് നിർബന്ധമാക്കണമെന്നും പൊതുവിദ്യാഭ്യാസം, ആഭ്യന്തരം എന്നീ വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.

**29)** സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ മാതൃകയിൽ കോളേജുകളിൽ, കോളേജ് പോലീസ് കേഡറ്റ്(CPC) എന്ന പേരിൽ പുതിയൊരു പദ്ധതികൂടി വിഭാവനം ചെയ്യുന്നത് സ്കൂളുകളിൽനിന്നും കോളേജുകളിലേക്ക് കാലെടുത്തുവയ്ക്കുന്ന കൗമാരക്കാർക്ക് ലഹരി പോലുള്ള വിപത്തുകളെ മനസ്സിലാക്കി അതിന്റെ വലയിൽപ്പെടാതെ സുരക്ഷിതരായിരിക്കുന്നതിനും, കൂടാതെ CPC പദ്ധതി വഴി ലഹരി ഉപയോഗം പോലുള്ള വിഷയങ്ങൾ സംബന്ധിച്ച് സീനിയർ വിദ്യാർത്ഥികൾക്ക് ജൂനിയർ വിദ്യാർത്ഥികളെ ബോധവത്കരിക്കുന്നതിനും വേദിയൊരുക്കുമെന്നും, കോളേജുകളിൽ ലഹരി ഉപയോഗം പോലുള്ള

പ്രശ്നങ്ങൾ കണ്ടെത്തിയാൽ പോലീസ്, എക്സൈസ് വകുപ്പുകളുമായി ബന്ധപ്പെട്ട് അതുസംബന്ധിച്ച വിവരങ്ങൾ കൈമാറാനുള്ള അവസരവും ഇതിലൂടെ ലഭിക്കുമെന്നും സമിതി കരുതുന്നു. അതിനാൽ, സംസ്ഥാനത്തെ എല്ലാ കോളേജുകളിലും കോളേജ് പോലീസ് കേഡറ്റ് എന്ന പേരിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ മാതൃകയിലുള്ള ഒരു പദ്ധതി ആരംഭിക്കണമെന്നും ഇത് സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, സ്വകാര്യ കോളേജുകളിലും നിർബന്ധമായും നടപ്പാക്കണമെന്നും ആഭ്യന്തരം, ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.

**30)** ജുവനൈൽ ജസ്റ്റിസ് മോഡൽ റൂൾസ് 2016-ലെ ചട്ടം 26(7) എല്ലാ സ്കൂളുകളിലും, കൂടാതെ ക്രഷുകൾ, അനാഥ മന്ദിരങ്ങൾ തുടങ്ങി കുട്ടികളുടെ വികസനത്തിനോ സംരക്ഷണത്തിനോവേണ്ടി നിലകൊള്ളുന്ന എല്ലാ സ്ഥാപനങ്ങളിലും കൗൺസിലർമാരെ നിയമിക്കേണ്ടതാണെന്ന് അനുശാസിക്കുന്നു. എന്നാൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും, മേൽത്തരം സ്ഥാപനങ്ങളിലും കൗൺസിലർമാരുടെ സേവനം ലഭ്യമാക്കിയിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ഇത്തരം സ്ഥാപനങ്ങളിലെ മാനസികമായി ആരോഗ്യവാൻമാരല്ലാത്ത കുട്ടികളിൽ ബോർഡർലൈൻ പേഴ്സണാലിറ്റി ഡിസോർഡർ(BPD) പോലുള്ള മാനസിക പ്രശ്നങ്ങൾ ഉടലെടുക്കാനുള്ള സാധ്യതയേറുന്നു. മാത്രമല്ല, വേർപെട്ടുകഴിയുന്ന അച്ഛനമ്മമാരുടെ കുട്ടികൾ, ലഹരി ഉപയോഗിക്കുന്ന ദമ്പതിമാരുടെ കുട്ടികൾ എന്നിവരിൽ ഇത്തരം മാനസിക പ്രശ്നങ്ങൾ ഉണ്ടാകാനുള്ള വർദ്ധിച്ച സാദ്ധ്യതയുമുണ്ട്. കൂടാതെ, ഇങ്ങനെയുള്ള കുട്ടികൾ ലഹരിയിൽ അഭയം കണ്ടെത്തുന്നതായും കാണപ്പെടുന്നു.

**31)** കുട്ടികളുടെ മാനസികമായ ആരോഗ്യം തൃപ്തികരമാണെന്ന് ഉറപ്പുവരുത്തുന്നതിനും അവരിൽ ഇത്തരത്തിലുള്ള മാനസിക പ്രശ്നങ്ങൾ നേരത്തെ കണ്ടെത്തി ഡോക്ടർമാർക്ക് റഫർ ചെയ്യുന്നതിനും കൗൺസിലർമാരുടെ സേവനം അത്യാവശ്യമാണെന്നും കൗൺസിലർമാരുടെ പിന്തുണ കുട്ടികളെ ലഹരി ഉപഭോഗം പോലുള്ള വിപത്തുകളിൽപ്പെടുന്നതിൽനിന്നും സംരക്ഷിക്കുമെന്നും സമിതി വിലയിരുത്തുന്നു. അതിനാൽ സർക്കാർ, എയ്ഡഡ്, സ്വകാര്യ ഭേദമന്യേ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും, കൂടാതെ, ഹോസ്റ്റലുകളുൾപ്പെടെ കുട്ടികളെ താമസിപ്പിക്കുന്നതും സംരക്ഷിക്കുന്നതുമായ ഇതര സ്ഥാപനങ്ങളിലും കൗൺസിലർമാരുടെ

<u>സേവനം ഉറപ്പാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് പൊതുവിദ്യാഭ്യാസം, വനിത ശിശുവികസനം എന്നീ വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.</u>

**32)** <u>വേതനം കുറവാണെന്നകാരണത്താൽ സ്കൂൾ കൗൺസിലർമാർ ജോലിവിട്ട് പോകുന്നത് സമിതിയുടെ ശ്രദ്ധയിൽവന്നിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ കൗൺസിലിംഗിൽ താൽപര്യമുള്ള അഭ്യസ്തവിദ്യരും യോഗ്യരുമായ സ്വയംസന്നദ്ധരുണ്ടെങ്കിൽ അവരെ കൗൺസിലർമാരായി നിയോഗിക്കുന്നതിനും, യോഗ്യതാ പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**33)** വീടുകളിൽ പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക ശ്രദ്ധയും പരിചരണവും നൽകുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കുന്നതിനായി, അവരെ പ്രാഥമിക കൗൺസിലർമാരാക്കുക എന്ന ബഹു. മുഖ്യമന്ത്രി മുന്നോട്ട് വച്ച ആശയത്തിന്റെ ഭാഗമായിചൈൽഡ് ഡെവലപ്മെന്റ് സെന്റർ (C.D.C.) - മായി ചേർന്ന് സ്റ്റേറ്റ് ലെവൽ മാസ്റ്റർ ട്രെയിനർമാറായി തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനുള്ള ആദ്യഘട്ട നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിന്നും സമിതിക്ക് ബോധ്യമായിട്ടുണ്ട്. തങ്ങളെ കേൾക്കാനും കാണാനുമാരുമില്ലെന്ന തോന്നലാണ് കുട്ടികളെ ലഹരി ഉപയോഗത്തിലേക്കും മറ്റും തിരിയാൻ പ്രേരിപ്പിക്കുന്നത് എന്നതിനാൽ കുട്ടികൾക്ക് എങ്ങനെ കൗൺസിലിംഗ് നൽകണമെന്നത് സംബന്ധിച്ചാണ് ഇതിലൂടെ പ്രധാനമായും അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. അതോടൊപ്പം, രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കുമുള്ള മാനസ്സിക പിരിമുറുക്കം(സ്ട്രെസ്സ്) മൂലം കുട്ടികളെ ശ്രദ്ധിക്കാനാവാത്ത അവസ്ഥ ഒഴിവാക്കുന്നതിന് സ്ട്രെസ്സ് മാനേജ്മെന്റ് സംബന്ധിച്ച വർക്ക്ഷോപ്പും ടി പരിശീലനത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ടെന്നതിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു. ഒപ്പം, <u>സ്കൂളുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രസ്തുത അദ്ധ്യാപകർക്കുള്ള കൗൺസിലിംഗ് പരിശീലനം അടിയന്തരമായി പൂർത്തിയാക്കണമെന്നും ഇത്തരത്തിൽ പരിശീലനം ലഭിച്ച ഒരു അദ്ധ്യാപകനെങ്കിലും ഓരോ സ്കൂളിലും ഉണ്ടെന്ന്</u>

ഉറപ്പാക്കണമെന്നും സമിതി വനിത ശിശുവികസനം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളോട് ശിപാർശ ചെയ്യുന്നു.

**34)** പി.റ്റി.എ. മീറ്റിംഗുകൾക്ക് ശേഷമോ സ്കൂൾ സമയത്തിനുശേഷമോ കുട്ടികൾക്ക് രക്ഷിതാക്കളുമായോ, അദ്ധ്യാപകരുമായോ അല്ലെങ്കിൽ സ്കൂൾ കൗൺസിലറുമായോ വ്യക്തിപരമായി തങ്ങളുടെ പ്രശ്നങ്ങൾ തുറന്നു സംസാരിക്കുന്നതിന് ആവശ്യമായ അവസരം ഒരുക്കിക്കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. ഇത് കുട്ടികളിലെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന് വളരെയേറെ ഉപകരിക്കുമെന്ന് സമിതി കരുതുന്നു.

**35)** സ്കൂളുകളിൽ, സ്കൂൾ മേധാവി ചെയർമാനായും, ബന്ധപ്പെട്ട പോലീസ് എസ്.എച്ച്.ഒ. കൺവീനറായും, വിദ്യാർത്ഥി പ്രതിനിധികൾ, പി.റ്റി.എ., മദർ പി.റ്റി.എ., സമീപവാസികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ, പ്രദേശത്തെ കടയുടമകൾ തുടങ്ങിയവർ അംഗങ്ങളായും 2010-ൽ ആരംഭിച്ച പദ്ധതിയാണ് സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ(SPG). മയക്കുമരുന്ന്/ലഹരി വസ്തുക്കൾ എന്നിവയുടെ ഉപയോഗവും വിതരണവും തടയുക, സാമൂഹ്യ വിരുദ്ധമായ ഇത്തരം പ്രവണതകളെ ഇല്ലായ്മ ചെയ്യുക, സ്കൂൾ പരിസരങ്ങളിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തി ജുവനൈൽ കുറ്റകൃത്യങ്ങൾ തടയുക, നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഇരയാകുന്നതിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുക എന്നിവയാണ് സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ.

**36)** എന്നാൽ, ഇപ്പോൾ പലയിടങ്ങളിലും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചുപോയതായി സമിതി മനസ്സിലാക്കുന്നു. കാര്യക്ഷമമായി നടപ്പിലാക്കാനായാൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, ബോധവൽക്കരണം എന്നിവ നടത്തുന്നതിൽ SPG-കൾക്ക് വലിയപങ്ക് വഹിക്കാൻകഴിയുമെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ രൂപീകരിക്കണമെന്നും ഇവ എല്ലാ സർക്കാർ, എയ്ഡഡ്, സ്വകാര്യ സ്കൂളുകളിലും ഊർജിതമായി

പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി പൊതുവിദ്യാഭ്യാസം, ആഭ്യന്തരം എന്നീ വകുപ്പുകളോട് ശിപാർശ ചെയ്യുന്നു.

**37)** സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ മാതൃകയിൽ കോളേജുകളിൽ, 'കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ' രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നതിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു. 'കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പ്'(CPG) പദ്ധതി ആരംഭിക്കുന്നമുറക്ക് സംസ്ഥാനത്തെ എല്ലാ കോളേജുകളിലും CPG-കൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് ഉന്നതവിദ്യാഭ്യാസം, ആഭ്യന്തരം എന്നീ വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.

**38)** നിലവിൽ സ്കൂൾ കുട്ടികൾക്കുവേണ്ടി എൻ.എസ്.എസ്., സ്കൗട്ട് & ഗൈഡ്സ് എന്നിവ ഉൾപ്പെടെയുള്ള ഏകദേശം അറുപത്തിയഞ്ചോളം സ്കീമുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും വിദ്യാഭ്യാസ, എക്സൈസ് വകുപ്പുകൾ പ്രധാനമായും IEC(Information, Education, Communication) awareness programmes മാത്രം കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നതെന്നും എന്നാൽ, കുട്ടികളിലെ ലഹരി ഉപയോഗം പോലുള്ള പ്രശ്നങ്ങൾ തടയുന്നതിന് ലഹരി ഉപയോഗത്തിലേക്ക് ചെന്നെത്താൻ സാദ്ധ്യതയുള്ള കുട്ടികളെ (വൾനറബിൾ ഗ്രൂപ്പ്) നെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനമാണ് ആവശ്യമെന്നും അതിൽത്തന്നെ ഏറ്റവും ശ്രദ്ധിക്കേണ്ടത് Attention Deficit Hyperactivity Disorder (ADHD) ഉള്ള കുട്ടികളെയാണെന്നും സമിതി മനസ്സിലാക്കുന്നു.

**39)** കൂടുതൽ വികൃതി കാണിക്കുന്ന കുട്ടികളെ മാതാപിതാക്കൾ അമിതമായി വഴക്ക് പറയുകയും മറ്റും ചെയ്യുന്നത് കുട്ടികൾ Oppositional Defiant Disorder (ODD), Conduct Disorder മുതലായ അവസ്ഥകളിലേക്ക് പോകാൻ കാരണമായേക്കാം. ഇങ്ങനെയുള്ള കുട്ടികൾ ലഹരിയിലേക്ക് വഴുതിവീഴാൻ സാദ്ധ്യത കൂടുതലാണ്. ഇത്തരം വൾനറബിൾ ഗ്രൂപ്പുകളെ കണ്ടെത്തി അവരുടെ വൾനറബിലിറ്റി മാറ്റുകയാണ് എറ്റവും പ്രധാനം. 'അറ്റെൻഷൻ ഡെഫിസിറ്റ് ഡിസോർഡർ'(A.D.D), അറ്റെൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്ടിവിറ്റി ഡിസോർഡർ(A.D.H.D), Oppositional Defiant Disorder (ODD) മുതലായ അവസ്ഥകൾ നേരിടുന്ന കുട്ടികൾ ലഹരി

ഉപയോഗത്തിലേക്ക് എത്തുന്നതിന് സാദ്ധ്യത ഏറെയാണെന്നതിനാൽ, കുട്ടികളിലെ, പലപ്പോഴും തിരിച്ചറിയാതെപോകുന്ന ഇത്തരം മാനസിക പ്രശ്നങ്ങൾ നേരത്തേ കണ്ടെത്തി അവർക്ക് വേണ്ട പരിചരണം നൽകുന്നതിന് ആവശ്യമായ നടപടി ആരോഗ്യ കുടുംബക്ഷേമം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകൾ സംയുക്തമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**40)** വിദ്യാഭ്യാസം, എക്സൈസ്, സാമൂഹ്യനീതി, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് കുട്ടികളിലേയ്ക്ക് ലഹരി എത്തുന്നതിന്റെ പ്രഭവസ്ഥാനം കണ്ടെത്തുന്നതിനും, ലഹരി വസ്തുക്കളുടെ അനധികൃത വിപണനത്തിന്റെ പ്രഥമ ഉത്തരവാദികളെ കണ്ടെത്തുന്നതിനും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി വിതരണവും ഉപയോഗവും വ്യാപനവും തടയുന്നതിനായും ആഭ്യന്തര വകുപ്പ് സംസ്ഥാന പോലീസിന്റെ ആഭിമുഖ്യത്തിൽ 'യോദ്ധാവ്' എന്നൊരു പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇതിന്റെ ഭാഗമായി ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ താത്പര്യമുള്ള ഒരു അദ്ധ്യാപകനെ വീതം എല്ലാ സ്കൂളുകളിൽ നിന്നും തെരഞ്ഞെടുത്ത് രണ്ടു ദിവസത്തെ പരിശീലനം നൽകിയ ശേഷം മയക്കുമരുന്നിന് ഇരയായവരെ കണ്ടെത്താനും മയക്കുമരുന്നിനെതിരെ പ്രവർത്തനങ്ങൾ നടത്തുന്നതിനും അവരുടെ സേവനം വിനിയോഗിച്ചുവരുന്നുണ്ടെന്നതിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു.

**41)** 'യോദ്ധാവ്' എന്നറിയപ്പെടുന്ന ഇത്തരം അദ്ധ്യാപകരുടെ യോഗങ്ങൾ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ മാസത്തിൽ ഒരിക്കൽ വിളിച്ചുചേർത്ത് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. യോദ്ധാവ് പദ്ധതി കുട്ടികളിലെ ലഹരി ഉപയോഗം തടയുന്നതിലും കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും ഏറെ സഹായകരമാകുമെന്ന് സമിതി കരുതുന്നു. അതിനാൽ 'യോദ്ധാവ്' പദ്ധതി സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, സ്വകാര്യ സ്കൂളുകളിലും, കോളേജുകളിലും കാര്യക്ഷമമായി നടപ്പിലാക്കണമെന്ന് സമിതി ആഭ്യന്തരം, പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകളോട് ശിപാർശ ചെയ്യുന്നു.

**42)** മയക്കമരുന്ന് വിതരണത്തെക്കുറിച്ച് പൊതുജനങ്ങൾ പോലീസിന് രഹസ്യ വിവരം കൈമാറുന്നതിനായി സംസ്ഥാന പോലീസിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച 'യോദ്ധാവ്' എന്ന മൊബൈൽ ആപ്ലിക്കേഷൻ(Yodhavu app), മയക്കമരുന്ന് മാഫിയയുടെ പ്രതികാര നടപടികളെ ഭയന്ന് ഇത്തരം വിവരങ്ങൾ പോലീസുമായി പങ്കുവയ്ക്കാൻ മടിക്കുന്ന ആളുകൾക്ക് രഹസ്യ വിവരങ്ങൾ പോലീസുമായി പങ്കിടുന്നതിന് സഹായകരമാകുമെന്ന് സമിതി കരുതുന്നു. വിവരങ്ങൾ നൽകുന്നവരുടെ വ്യക്തിഗത വിവരങ്ങൾ ഈ app രഹസ്യമായി സൂക്ഷിക്കുമെന്നതാണ് ഇതിന്റെ പ്രത്യേകത. ഇതുകൂടാതെ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗമോ വിപണനമോ ശ്രദ്ധയിൽപ്പെട്ടാൽ, ഈ വിവരങ്ങൾ ടെക്സ്റ്റ് സന്ദേശം, ഫോട്ടോ, വീഡിയോ അല്ലെങ്കിൽ ശബ്ദ സന്ദേശം ആയി 9995966666 എന്ന 'യോദ്ധാവി'ന്റെ Whatsapp നമ്പരിലേയ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ള സംവിധാനവും നിലവിലുണ്ട്.

**43)** <u>അതിനാൽ, യോദ്ധാവ് എന്ന മൊബൈൽ ഫോൺ ആപ്ലിക്കേഷന്റെ സാദ്ധ്യതകളെപ്പറ്റിയും ഇതുപയോഗിച്ച് സ്കൂൾ, കോളേജ് എന്നിവിടങ്ങളിലെ ലഹരി ഉപയോഗം റിപ്പോർട്ട് ചെയ്യേണ്ടതെങ്ങനെയെന്നത് സംബന്ധിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കണമെന്നും, ഇതിനായി സ്കൂളുകളിലും പൊതുസ്ഥലങ്ങളിലും ഈ നമ്പർ പ്രദർശിപ്പിക്കണമെന്നും ആഭ്യന്തരം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.</u>

**44)** ബഹു. കേരള ഹൈക്കോടതി റീജിയണൽ ജുഡിഷ്യൽ കൊളോക്യത്തിന്റെ നിർദ്ദേശപ്രകാരം, നികുതി വകുപ്പ് കുട്ടികളിലെ ലഹരി ഉപഭോഗം കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും വിവിധ സർക്കാർ വകുപ്പുകളുടെയും സംവിധാനങ്ങളുടെയും ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു Standard Operating Procedure (SOP) തയ്യാറാക്കി അത് ഒരു ബുക്ക് ലെറ്റ് രൂപത്തിൽ വിവിധ സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർക്കും മറ്റ് അദ്ധ്യാപകർക്കും വിതരണം ചെയ്തുവരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. <u>ബഹു. കേരള ഹൈക്കോടതിയുടെ ഈ നിർദ്ദേശം പൂർണ്ണതോതിൽ നടപ്പാക്കിയിട്ടുണ്ടോയെന്ന്</u>

പരിശോധിച്ചുറപ്പാക്കണമെന്നും, കുട്ടികളിലെ ലഹരി ഉപഭോഗം കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങളും, സ്വീകരിക്കേണ്ട നടപടികളും വിവരിച്ചിട്ടുള്ള ടി SOP അടങ്ങിയ ബുക്ക് ലെറ്റുകൾ സംസ്ഥാനത്തെ എല്ലാ സർക്കാർ, സർക്കാരിതര സ്കൂളുകളിലും വിതരണം ചെയ്യണമെന്നും നികുതി വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

**45)** ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ നിർബന്ധമായും എൻഫോഴ്സ്മെന്റ് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണെന്നിരിക്കെ പല സ്കൂൾ മാനേജ്മെന്റുകളും ഇതിന് മടിക്കുന്നുവെന്നതാണ് വസ്തുത. 2022-23 അക്കാദമിക വർഷം മുന്നൂറിലധികം കേസുകൾ സംസ്ഥാനത്തെ വിവിധ സ്കൂൾ അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിരുന്നുവെങ്കിലും 180-ഓളം കേസുകൾ മാത്രമാണ് സ്കൂളുകൾ എൻഫോഴ്സ്മെന്റ് അധികൃതർക്ക്(പോലീസ്/എക്സൈസ്) റിപ്പോർട്ട് ചെയ്തിരുന്നതെന്നാണ് കണ്ടെത്തിയിട്ടുള്ളത്. സർക്കാരിതര സ്കൂളുകളിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം പോലുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാലും സ്ഥാപനത്തിന്റെ പേര് കളങ്കപ്പെടുമെന്ന ഭയത്താൽ പല സ്കൂൾ അധികൃതരും ഇത്തരം സംഭവങ്ങൾ മറച്ചുവയ്ക്കുന്നതും ഒതുക്കിത്തീർക്കാൻ ശ്രമിക്കുന്നതുമാണ് ഇതിന് കാരണമെന്ന് സമിതി കരുതുന്നു. ഈ പ്രവണത പ്രോത്സാഹിപ്പിക്കാൻ പാടില്ലെന്നതിനാൽ, സ്കൂളുകളിൽ, ക്യാമ്പസ്സിലോ ക്ലാസ്സിലോ സ്വഭാവ, പെരുമാറ്റ വ്യതിയാനം പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തിയാൽ അവർ ലഹരി ഉപയോഗിക്കുന്നുണ്ടോയെന്ന് ശ്രദ്ധിക്കണമെന്നും ലഹരി ഉപയോഗം കണ്ടെത്തിയാൽ ഇത്തരം കുട്ടികളെ രക്ഷിക്കുന്നതിനും ഇവരിലേക്ക് ലഹരി എത്തിച്ചവരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനുമായി എക്സൈസ്/പൊലീസ് അധികൃതരെ രഹസ്യമായി വിവരം അറിയിക്കുന്നതിന് അധ്യാപകർ ശ്രദ്ധിക്കണ്ടത് അനിവാര്യമാണെന്നും സമിതി വിലയിരുത്തുന്നു. അതിനാൽ, സംസ്ഥാനത്തെ എല്ലാ സർക്കാർ, സ്വകാര്യ, എയ്ഡഡ് സ്കൂളുകളിലും ലഹരി ഉപയോഗം ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് അധികൃതരുടെ(എക്സൈസ്/പോലീസ്) ശ്രദ്ധയിൽപ്പെടുത്തുന്നത് കർശനമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും, ഇതിൽ വീഴ്ചവരുത്തുന്ന സ്കൂളുകൾക്കെതിരെ ഉയർന്നതോതിൽ പിഴചുമത്തുന്നതും, സ്കൂൾ അധികൃതർക്കെതിരെ കർശനമായ മറ്റ് നടപടികൾ സ്വീകരിക്കുന്നതും ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനും

ബന്ധപ്പെട്ട ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യണമെന്നും നികുതി, ആഭ്യന്തരം എന്നീ വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.

**46)** Abon kit ഉപയോഗിച്ചുള്ള ഉമിനീർ ടെസ്റ്റ് ആണ് സാധാരണയായി ലഹരിയുടെ സാന്നിദ്ധ്യം ഉണ്ടോയെന്ന് പരിശോധിക്കുന്നതിനായി എൻഫോഴ്സ്മെന്റ് ഏജൻസികൾ ഉപയോഗിച്ചുവരുന്നത്. എന്നാൽ സ്കൂളുകളിലും കോളേജുകളിലും എത്തുന്ന കുട്ടികൾ അറിഞ്ഞോ അറിയാതെയോ എതെങ്കിലും തരത്തിൽ ലഹരി ഉപയോഗിച്ചിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിന് ഇത് പ്രായോഗികമല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഈ സാഹചര്യത്തിലാണ് ലഹരിയുടെ സാന്നിദ്ധ്യം കൃത്യമായി കണ്ടെത്തുന്നതിനായി ഉപയോഗിക്കാവുന്നതും, ഒരാൾ ദിവസങ്ങൾക്ക് മുൻപ് ലഹരി ഉപയോഗിച്ചിട്ടുണ്ടെങ്കിൽപ്പോലും അത് കണ്ടെത്തി കൃത്യമായ ഫലം നൽകുന്നതുമായ 'മാസ് സ്പെക്ട്രോമെട്രി മെഷീൻ'(Mass Spectrometry Machine) ന്റെ ഉപയോഗം സംബന്ധിച്ച് പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ കമ്പനി അധികൃതർ ഡെമോൺസ്ട്രേറ്റ് ചെയ്തതായി സമിതിക്ക് ആഭ്യന്തര വകുപ്പിൽ നിന്നും അറിയാനായത്. എന്നാൽ 85 ലക്ഷത്തോളം രൂപ വിലയുള്ളതാണ് 'മാസ് സ്പെക്ട്രോമെട്രി മെഷീൻ' എന്ന് സമിതി മനസ്സിലാക്കുന്നു.

**47)** എന്നിരിക്കിലും, കുട്ടികളുടെയും, അവരുൾപ്പെടുന്ന പുതുതലമുറയുടെയും സുരക്ഷയും ആരോഗ്യവുമായി തട്ടിച്ചുനോക്കുമ്പോൾ 'മാസ് സ്പെക്ട്രോമെട്രി മെഷീൻ'-ന് ഭാവി തലമുറയെ ലഹരിയിൽ നിന്നും സംരക്ഷിക്കുന്നതിൽ വലിയ പങ്കുവഹിക്കാനാകുമെന്നും, അതിനാൽ സാമ്പത്തിക ലാഭം കണക്കിലെടുക്കാതെ ഇത്തരം ആധുനിക ഉപകരണങ്ങൾ ഉപയോഗിക്കുന്നത് അഭികാമ്യമാണെന്നും സമിതി വിലയിരുത്തുന്നു. ഈ മെഷീൻ പോർട്ടബിൾ ആയതിനാൽ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകാൻ സാധിക്കും. ഓരോ ജില്ലയിലും ഒരു മെഷീൻവീതം ലഭിക്കുകയാണെങ്കിൽ ആ ജില്ലയിലെ വിവിധ വകുപ്പുകൾക്ക് അത് ഉപയോഗിക്കാൻ സാധിക്കുമെന്നും സമിതി മനസ്സിലാക്കുന്നു. അതിനാൽ, സാമ്പത്തികമായ ലാഭനഷ്ടങ്ങൾ കണക്കിലെടുക്കാതെ, സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം കണ്ടെത്തുന്നതിനായി 'മാസ് സ്പെക്ട്രോമെട്രി മെഷീൻ' പോലുള്ള നൂതന

സാങ്കേതികവിദ്യകൾ ഉപയോഗിക്കണമെന്ന് സമിതി ആഭ്യന്തരം, നികുതി വകുപ്പുകളോട് ശിപാർശ ചെയ്യുന്നു.

**48)** ലഹരിക്കടത്ത് തടയുന്നതിനായി എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിലും, എല്ലാ ജില്ലകളിലും 24 മണിക്കൂറും എക്സൈസ് കൺട്രോൾ റൂമുകളും ഓരോ ജില്ലയിലും 2 മുതൽ 3 എക്സൈസ് സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇതുകൂടാതെ അന്തർസംസ്ഥാന അതിർത്തിയിൽ ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ, ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ എന്നിവയും, ചെക്പോസ്റ്റുകളിലെ പരിശോധനകളും, സംസ്ഥാന അതിർത്തി കടന്ന് പോകാവുന്നതും എന്നാൽ ചെക്പോസ്റ്റുകളില്ലാത്തതുമായ റോഡുകളിലെ ലഹരിക്കടത്ത് തടയുന്നതിനായി തിരുവനന്തപുരം, കാസർഗോഡ്, വയനാട് മുതലായ ജില്ലകളിൽ കേരള എക്സൈസ് മൊബൈൽ യൂണിറ്റുകളും(KEMU) പ്രവർത്തിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും, അന്തർസംസ്ഥാന അതിർത്തി വഴിയുള്ള ലഹരിക്കടത്ത് തടയുന്നതിനുമായി മറ്റുസംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന എല്ലാ ജില്ലകളിലേക്കും കേരള എക്സൈസ് മൊബൈൽ യൂണിറ്റുകളുടെ(KEMU) പ്രവർത്തനം വ്യാപിപ്പിക്കണമെന്ന് സമിതി നികുതി വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**49)** സംസ്ഥാനത്തെ ചില പ്രദേശങ്ങളിലെങ്കിലും അന്യസംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ അനിയന്ത്രിതമായി കടത്തിക്കൊണ്ടുവരുന്ന അവസ്ഥയാണുള്ളതെന്നും അതുമൂലം ലഹരി വസ്തുക്കളുടെ വിതരണസ്ഥലമായി അവിടങ്ങൾ മാറിയിരിക്കുകയാണെന്നും, സ്കൂളുകൾ കേന്ദ്രീകരിച്ചാണ് പ്രധാനമായും ലഹരി വസ്തുക്കൾ വിതരണം ചെയ്യുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ഈ പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ ആവശ്യത്തിന് പോലീസ് ഉദ്യോഗസ്ഥരില്ലാത്തതുകൊണ്ട് കാര്യക്ഷമമായ പരിശോധന നടത്താൻ കഴിയാത്ത സ്ഥിതിയാണുള്ളതെന്നും സമിതിക്ക് ബോദ്ധ്യമായിട്ടുണ്ട്. അതിനാൽ, ലഹരിക്കടത്ത് അടിക്കടി റിപ്പോർട്ട് ചെയ്യപ്പെടുന്ന ഇത്തരം പ്രദേശങ്ങളിലും ചെക്ക്പോസ്റ്റുകളിലും ആവശ്യമായ പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരെ നിയോഗിക്കണമെന്നും, അവിടങ്ങളിൽ പ്രദേശവാസികളും

പോലീസും എക്സൈസും ഒരുമിച്ചുനിന്ന് ലഹരിക്കെതിരെ പ്രവർത്തിക്കണമെന്നും ആഭ്യന്തരം, നികുതി (എക്സൈസ്) എന്നീ വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.

**50)** പോലീസ് വകുപ്പ് ജനമൈത്രി ഡ്രാമാ ടീമിന്റെ നേതൃത്വത്തിൽ ജില്ലകളിലെ സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് മദ്യം/മയക്കമരുന്ന് മുതലായ ലഹരി വസ്തുക്കളുടെ ദുരുപയോഗം തടയുന്നതിനായി "ഒരു മദ്യപന്റെ ആത്മകഥ", "തീക്കളി" എന്നീ അവബോധ നാടകങ്ങൾ നൂറുകണക്കിന് വേദികളിൽ അവതരിപ്പിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. അതുപോലെ, വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ "ഉണർവ്വ്" എന്ന പേരിൽ ഒരു അവബോധ പദ്ധതി ഉടൻ ആരംഭിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. ഇതോടൊപ്പം, അതേ മാതൃകയിൽ നികുതി(എക്സൈസ്) വകുപ്പ് സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിമുക്ത ക്ലബ്ബുകൾ രൂപീകരിച്ച് വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തുകയും, സംസ്ഥാനത്തെ പ്രൈമറി സ്കൂളുകളിൽ കുട്ടികളിൽ നല്ലശീലങ്ങൾ വളർത്തുന്നതിനും, ജീവിത നൈപുണ്യ വികസനം ലക്ഷ്യമിട്ടുകൊണ്ടും "ബാല്യം അമൂല്യം" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നുണ്ടെന്നും, കൂടാതെ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി "കവചം', 'തെളിവാനം വരക്കുന്നവർ' എന്നീ പേരുകളിൽ കൈപ്പുസ്തകങ്ങൾ തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്യുന്നുണ്ടെന്നും, കോളേജ് ക്യാമ്പസ്സുകളിൽ "നേർക്കൂട്ടം", കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്നീ കമ്മിറ്റികൾ രൂപീകരിച്ച് ലഹരിക്കെതിരെ നിയമാവബോധം നൽകി വരുന്നുണ്ടെന്നും മേൽ വകുപ്പുകൾ, യോദ്ധാവ് ആപ്ലിക്കേഷൻ, യോദ്ധാവ്, നേർവഴി എന്നീ പദ്ധതികൾ, എസ്.പി.ജി, സി.പി.ജി., ഡി-ഡാഡ്, വിമുക്തി ഡി-അഡിക്ഷൻ സെന്ററുകൾ, തുടങ്ങിയവയും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ടെന്നുമുള്ള വിവരങ്ങൾ സമിതിക്ക് അറിവുള്ളതാണ്.

**51)** എന്നാൽ പോലീസ്, എക്സൈസ് വകുപ്പുകൾ ഇത്രയേറെ ബോധവത്ക്കരണ പരിപാടികളും, നിയമാവബോധ പരിപാടികളും, ടോൾഫ്രീ നമ്പരുകൾ ഉൾപ്പെടെയുള്ള വിവിധ പദ്ധതികളും, ശക്തമായ എൻഫോഴ്സ്മെന്റും നടപ്പാക്കിവന്നിട്ടും പൊതുജനങ്ങൾക്കിടയിൽ അവയ്ക്ക് വേണ്ടത്ര പ്രചാരണം ലഭിക്കുന്നില്ലെന്ന് സമിതി കരുതുന്നു. അതിനാൽ എക്സൈസ്, പോലീസ്

വകുപ്പുകളുടെ ആഭിമുഖ്യത്തിൽ ലഹരിക്കെതിരെ കുട്ടികളുൾപ്പെടെയുള്ള പൊതുജനങ്ങൾക്ക് നേരിട്ട് ഉപയോഗിക്കാവുന്ന പദ്ധതികളെക്കുറിച്ച് ഒരു ലഘു വിവരണം തയ്യാറാക്കി വിവിധ പത്ര, ദൃശ്യ, ശ്രാവ്യ, ഓൺലൈൻ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കണമെന്ന് സമിതി ആഭ്യന്തരം, നികുതി എന്നീ വകുപ്പുകളോട് ശിപാർശ ചെയ്യുന്നു.

**52)** തീരദേശ മേഖലയിലൂടെ ലഹരി വസ്തുക്കൾ എത്തുന്നതിനുള്ള സാദ്ധ്യത വളരെ കൂടുതലാണെന്നതിനാൽ അത് തടയേണ്ടതും, തീരപ്രദേശത്തെ കുട്ടികളെ ഇത്തരത്തിൽ എത്തുന്ന ലഹരിയുടെ പിടിയിൽ നിന്നും രക്ഷിക്കേണ്ടതും അനിവാര്യമാണ്. സംസ്ഥാനത്തിന്റെ 600 കിലോമീറ്ററോളം ദൈർഘ്യമുള്ള വിശാലമായ തീരപ്രദേശം ഇരുതലമൂർച്ചയുള്ള വാളാണ്. ഒരുവശത്ത് സംസ്ഥാനത്തെ തീരദേശ, തുറമുഖ വികസനത്തിലൂടെ ഇത് വാണിജ്യത്തെ സുഗമമാക്കുകയും സംസ്ഥാനത്തിന്റെ വികസനത്തിന് വഴിവയ്ക്കുകയും ചെയ്യുന്നു. എന്നാൽ മറുവശത്ത് തീരപ്രദേശം ലഹരിക്കടത്തിനുള്ള പ്രവേശന കവാടമാണ് തുറന്നുനൽകുന്നത്. അതിനാൽ എക്സൈസ്, പോലീസ് സേനകൾ ഊർജ്ജിതമായ തീരദേശ പട്രോളിംഗ് നടത്തണമെന്നും അതുവഴി തുറമുഖങ്ങൾ വഴിയും, തീരദേശ ബോട്ട്ജെട്ടികൾ പോലുള്ള സൗകര്യങ്ങൾ ഉപയോഗിച്ചും നടത്തപ്പെടുന്ന ലഹരിക്കടത്ത് തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ആഭ്യന്തര, നികുതി വകുപ്പുകളോട് ശിപാർശ ചെയ്യുന്നു.

**53)** പുതുതലമുറയിലെ ലഹരി ഉപയോഗം തടയാൻ തീരദേശ മേഖലകളിലെ, പ്രത്യേകിച്ച് മത്സ്യത്തൊഴിലാളി മേഖലയിലെ കുടുംബങ്ങൾക്ക് ലഹരി വസ്തുക്കളെ കുറിച്ച് അവബോധം നൽകുക, ലഹരി വസ്തുക്കളുടെ കടന്നുകയറ്റവും വ്യാപനവും ഒഴിവാക്കുക, യുവാക്കളിലും കുട്ടികളിലും ലഹരിവസ്തുക്കളുടെ വർധിച്ചുവരുന്ന ഉപയോഗം ഇല്ലാതാക്കുക എന്നിവ ലക്ഷ്യമിട്ട് 'ലഹരിവിമുക്ത തീരം' എന്നൊരു ക്യാമ്പെയിൻ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നുണ്ടെന്നും, തിരുവനന്തപുരം ജില്ലയിലെ ശംഖുമുഖത്ത് ആരംഭിച്ച ലഹരിവിമുക്ത തീരം ക്യാമ്പയിൻ തുടർന്ന് ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ടെന്നും, ഇത് എല്ലാ തീരദേശ ജില്ലകളിലേക്കും വ്യാപിപ്പിക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. അതുപോലെതന്നെ, തീരദേശ ജനതയുടെ ക്ഷേമം

ലക്ഷ്യമാക്കി ഫിഷറീസ് വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള 'തീരോന്നതി' പദ്ധതിയുടെ ഭാഗമായി തീരദേശ പോലീസ്, തദ്ദേശ സ്വയംഭരണം, എക്സൈസ് തുടങ്ങിയ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ലഹരിവിരുദ്ധ ബോധവൽക്കരണം, സ്കൂൾ കേന്ദ്രീകരിച്ചുള്ള പരിപാടികൾ, സ്പോർട്സ് ടൂർണമെന്റുകൾ, ഡി-അഡിക്ഷൻ ചികിത്സ മുതലായവകൂടി നടത്താനുദ്ദേശിക്കുന്നുണ്ടെന്നതിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു. <u>'ലഹരിവിമുക്ത തീരം' ക്യാമ്പയിനും, 'തീരോന്നതി' പദ്ധതിയുടെ കീഴിൽ നടപ്പാക്കിവരുന്ന ലഹരി വിരുദ്ധപരിപാടികളും എല്ലാ തീരദേശ ജില്ലകളിലേക്കും വ്യാപിപ്പിക്കണമെന്ന് മൽസ്യബന്ധന തുറമുഖ വകുപ്പിനോടും, ഇതിന് ആവശ്യമായ സഹകരണം ഉറപ്പുവരുത്തണമെന്ന് തദ്ദേശ സ്വയംഭരണം, ആഭ്യന്തരം, നികുതി(എക്സൈസ്), പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളോടും സമിതി ശിപാർശ ചെയ്യുന്നു.</u>

**54)** ഇതരസംസ്ഥാനങ്ങളിൽനിന്നും തൊഴിൽ തേടി സംസ്ഥാനത്തെത്തി കുടുംബസമേതം താമസ്സമാക്കുന്ന തൊഴിലാളികളിൽ പലരിലൂടെയും സംസ്ഥാനത്തേക്ക് വിവിധ തരം ലഹരി പദാർത്ഥങ്ങൾ കടത്തപ്പെടുന്നുണ്ടെന്നും വിതരണം ചെയ്യപ്പെടുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഇത്തരം കേസുകൾ പലതവണ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ഇതരസംസ്ഥാന തൊഴിലാളികളുടെ കൃത്യമായ ഡാറ്റാബേസ് ഇല്ലാത്തത് പ്രതികളെ പിടികൂടുന്നതിന് തടസ്സമാകുന്നു. ഇക്കാരണത്താലും, കോവിഡാനന്തരം(2020 ന് ശേഷം) ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണം സംസ്ഥാനത്ത് വൻതോതിൽ വർദ്ധിച്ചതിനാലും സംസ്ഥാന പോലീസ്, തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകൾ തോറും സന്ദർശിച്ച് 'ജനമൈത്രി' App മുഖേന ഇവരുടെ പേരുവിവരങ്ങൾ രേഖകൾ പരിശോധിച്ച് രജിസ്റ്റർ ചെയ്തിരുന്നതായും, കൂടാതെ സ്പെഷ്യൽ ഡ്രൈവുകൾ നടത്തി ഇവരുടെ ഡാറ്റാബേസ് പുതുക്കി വരുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. സംസ്ഥാന പോലീസിന്റെ ഈ പ്രവർത്തനം അഭിനന്ദനാർഹമാണ് എന്നിരിക്കിലും ഇത്തരം ദൗത്യങ്ങളിലൂടെ ഇവരുടെ കൃത്യമായ വിവരങ്ങൾ ലഭിക്കുന്നില്ലെന്നതാണ് വസ്തുത. ഇതരസംസ്ഥാന തൊഴിലാളികളിൽ പലരും ആധാർ കാർഡ് മുതലായ രേഖകളിൽ തെറ്റായ മേൽവിലാസവും വിവരങ്ങളുമാണ് നൽകാറുള്ളതെന്നതിനാൽ ഇവരുമായി ബന്ധപ്പെട്ട പല കേസുകളുടെയും അന്വേഷണം തെറ്റായ മേൽവിലാസത്തിലാണ്

ചെന്നെത്തുന്നതെന്ന് എക്സൈസ്, പോലീസ് വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ വിവരണങ്ങളിൽ നിന്നും സമിതിക്ക് മനസ്സിലാക്കാനായിട്ടുണ്ട്.

**55)** ലഹരി കേസുകൾ മുതൽ ശൈശവ വിവാഹങ്ങൾ വരെ ഇപ്പോഴും റിപ്പോർട്ട് ചെയ്യപ്പെടുന്ന വിഭാഗക്കാരാണ് ലഹരി വസ്തുക്കൾ കേരളത്തിലെത്തിക്കുന്ന ഫീഡർ സംസ്ഥാനങ്ങളായ കർണ്ണാടക, ഒഡീഷ, പശ്ചിമ ബംഗാൾ, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ നിന്നുമെത്തുന്ന തൊഴിലാളികൾ. ലഹരി വസ്തുക്കളുടെ ഉപയോഗം ഉണ്ടാക്കുന്ന ദൂഷ്യഫലങ്ങളെ സംബന്ധിച്ച അവബോധമില്ലായ്മയും 4.5 ലക്ഷത്തോളമുള്ള ഈ ഇതരസംസ്ഥാന തൊഴിലാളികൾ വഴി ലഹരി വസ്തുക്കൾ സംസ്ഥാനത്തെത്തുന്നതിന് ഒരു കാരണമാണെന്നും സമിതി നിരീക്ഷിക്കുന്നു. ഇതരസംസ്ഥാന തൊഴിലാളികളിലധികവും സംസ്ഥാനത്തേക്കെത്തുന്നത് ദീർഘദൂര ട്രെയിനുകളിലും, ബസ്സുകളിലുമാണെന്നതിനാൽ റെയിൽവെ സ്റ്റേഷനുകളിലും ബസ് സ്റ്റാൻഡുകളിലും പോലീസ് ഡോഗ് സ്ക്വാഡിന്റെ സ്നിഫർ നായ്ക്കളെ ഉപയോഗിച്ച് ലഹരി പരിശോധന നിരന്തരം നടത്തണമെന്ന് ആഭ്യന്തരം, നികുതി(എക്സൈസ്) എന്നീ വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.

**56)** കൂടാതെ, നിലവിൽ സിന്തെറ്റിക് ലഹരി മരുന്നുകൾ കടത്തുന്നത് വ്യാപകമായിരിക്കുന്ന സാഹചര്യത്തിൽ ബി.എസ്.എഫ്. പോലുള്ള കേന്ദ്ര ഏജൻസികളുമായി സഹകരിച്ച് സ്നിഫർ നായ്ക്കൾക്ക് ഇത്തരം ലഹരി വസ്തുക്കൾ തിരിച്ചറിയുന്നതിന് ആവശ്യമായ സാങ്കേതിക പരിശീലനം നൽകണമെന്ന് ശിപാർശ ചെയ്യുന്നു.

**57)** ഇതരസംസ്ഥാന തൊഴിലാളികൾക്ക് നിർബന്ധപൂർവ്വം രജിസ്ട്രേഷൻ ഏർപ്പെടുത്താനാകാത്തതിനാൽ, രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടയിൽ അപകടം സംഭവിച്ചാലുള്ള നഷ്ടപരിഹാരം, ആരോഗ്യ ഇൻഷുറൻസ് മുതലായ ആനുകൂല്യങ്ങൾ എന്നിവ ഏർപ്പെടുത്തി ഇവരെ രജിസ്റ്റർ ചെയ്യുന്നതിനായി പ്രോത്സാഹിപ്പിക്കുന്നത് കൂടുതൽ തൊഴിലാളികൾ രജിസ്റ്റർ ചെയ്യുന്നതിനും തദ്വാരാ ഇവരുടെ ശരിയായ വിവരങ്ങൾ അടങ്ങിയ ഡാറ്റാബേസ് തയ്യാറാക്കുന്നതിനും ഉപയോഗപ്പെടുമെന്ന് സമിതി കരുതുന്നു. അതിനാൽ,

തൊഴിലാളികളുടെ ക്ഷേമംകൂടി ഉറപ്പാക്കുന്ന ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തി ഇതരസംസ്ഥാന തൊഴിലാളികളുടെ ശരിയായ വിവരങ്ങളടങ്ങിയ ഡാറ്റാബേസ് തദ്ദേശ ഭരണ സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിന് എക്സൈസ്, പോലീസ് വകുപ്പുകളുമായി സഹകരിക്കണമെന്ന് തൊഴിലും നൈപുണ്യവും വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

**58)** എക്സൈസ് വകുപ്പിലെ മാനവ വിഭവശേഷിയുടെയും പരിശോധനാ സംവിധാനങ്ങളുടെയും പരിമിതി, വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പോലീസ്, എക്സൈസ് വകുപ്പുകൾ കൂടുതൽ ഏകോപനത്തോടെ പ്രവർത്തിച്ചാൽ ഇതിന് ഒരുപരിധിവരെ പരിഹാരമാകുമെന്ന് സമിതി കരുതുന്നു. എന്നാൽ, എക്സൈസ് വകുപ്പിന്റെ ആധുനികവത്കരണം അത്യന്താപേക്ഷിതമാണ്. അതിനാൽ, എക്സൈസ് വകുപ്പിന് ലഹരി വേട്ടയ്ക്കും മറ്റും സഹായകരമായ ആധുനിക രീതിയിലുള്ള സാങ്കേതിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് നികുതി വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

**59)** നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള എക്സൈസ് മോണിറ്ററിംഗ് സമിതികളിൽ മിക്കവയും പ്രവർത്തനരഹിതമാണെന്ന് സമിതി വിലയിരുത്തുന്നു. ടി സമിതികളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാര്യക്ഷമമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നില്ലെന്നതാണ് ഇതിന്റെ പ്രധാന കാരണമെന്ന് സമിതി മനസിലാക്കുന്നു. അതിനാൽ എക്സൈസ് മോണിറ്ററിംഗ് സമിതികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണമെന്നും ഇതിലേക്ക് എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥരുടെ സഹകരണം ഉറപ്പാക്കണമെന്നും, കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം നിയന്ത്രിക്കാൻ പോലീസ്, എക്സൈസ് വകുപ്പുകൾ കൂടുതൽ ഏകോപനത്തോടെ പ്രവർത്തിക്കണമെന്നും സമിതി നികുതി വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**60)** സംസ്ഥാനത്ത് വ്യാപാരത്തിന്റെ മറവിൽ വൻതോതിൽ ലഹരി വിൽപ്പന നടത്തുന്ന വ്യാപാരസ്ഥാപനങ്ങൾ ഉണ്ടായേക്കാമെന്ന് സമിതി ആശങ്കപ്പെടുന്നു. ഇതിന് പരിഹാരമായി വ്യാപാരസ്ഥാപനങ്ങളിൽ എക്സൈസ് വകുപ്പ് നിരന്തരം പരിശോധനകൾ

നടത്തണമെന്നും, ലഹരി വിൽപ്പന നടത്തുന്നതായി കണ്ടെത്തുന്ന വ്യാപാരസ്ഥാപനങ്ങളുടെ വിവരം അടിയന്തരമായി തദ്ദേശ സ്വയംഭരണ വകുപ്പിനെ അറിയിച്ച് ഇത്തരം സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനും, സ്ഥാപന ഉടമയ്ക്ക് ആജീവനാന്ത വിലക്ക് ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നികുതി വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**61)** ലഹരി വസ്തുക്കളോ, ഡോക്ടറുടെ നിർദ്ദേശമോ കുറിപ്പടിയോ കൂടാതെ ലഹരിക്കായും ഉപയോഗിക്കുന്ന ആന്റിബയോട്ടിക്കുകൾ പോലുള്ള മരുന്നുകളോ വിൽപന നടത്തുന്നുണ്ടെങ്കിൽ അത് തടയാനാകുമെന്നും, ആന്റിബയോട്ടിക്കുകളുടെ അമിതോപയോഗം തടയുന്നതിനായി 2023-ൽ ഡ്രഗ്സ് കൺട്രോൾ വിഭാഗം ആരംഭിച്ച ഓപ്പറേഷൻ AMRITH-ന്റെ ഭാഗമായി നിരവധി ക്യാമ്പെയിനുകൾ നടത്തിവരുന്നുണ്ടെന്നും, ഡോക്ടറുടെ കുറിപ്പടി കൂടാതെ ആന്റിബയോട്ടിക്കുകൾ വിൽക്കുന്ന വിഷയത്തിൽ നടത്തിയ ക്യാമ്പയിനിന്റെ ഭാഗമായി ഏകദേശം ആയിരം കോടി രൂപയുടെ ആന്റിബയോട്ടിക് വിൽപ്പന വിജയകരമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്നും, ഇക്കാര്യത്തിൽ, ആന്റിബയോട്ടിക്കുകൾ നിർദ്ദേശിക്കുന്നത് കുറയ്ക്കുകവഴി ഡോക്ടർമാർ നല്ലരീതിയിൽ സഹകരിച്ചതായും ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥരിൽ നിന്നും സമിതിക്ക് ബോധ്യമായിട്ടുണ്ട്. ഇതുകൂടാതെ, വെറ്ററിനറി മേഖലയിൽ ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം തടയുന്നതിന് ഓപ്പറേഷൻ VETBIOTIC നടപ്പാക്കിയിട്ടുണ്ടെന്നും, ഇതിലൂടെ പാൽ, മാംസം മുതലായവയ്ക്കായി പരിചരിക്കുന്ന വളർത്തുമൃഗങ്ങളുടെ ആഹാരത്തിൽ മനുഷ്യർക്ക് ദോഷകരമായ ആന്റിബയോട്ടിക്കുകൾ കലർത്തി നൽകുന്നതായി കണ്ടെത്തിയിട്ടുണ്ടെന്നും, ഇത് തടയുന്നതിനായി നടപ്പിലാക്കിയ ഓപ്പറേഷൻ വെറ്റ്ബയോട്ടിക് ആരോഗ്യ കുടുംബക്ഷേമ വകുപ്പിനു കീഴിലുള്ള ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന് വിജയകരമായി നടപ്പിലാക്കാനായതായും സമിതി മനസ്സിലാക്കുന്നു. ഈ ഉദ്യമങ്ങൾക്കുപുറമേ, ഡ്രഗ്സ് കൺട്രോൾ ഇൻസ്പെക്ടർമാർ പരിശീലനം നൽകിയ വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് SPARK(Students Programmes against Antimicrobial Resistance Kerala) എന്ന പേരിൽ സംഘടിപ്പിച്ച മറ്റൊരു ക്യാമ്പയിനിലൂടെ രണ്ട് ലക്ഷത്തോളം പേരെ ബോധവത്കരിക്കാനും കഴിഞ്ഞിട്ടുണ്ട്. ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ മേൽപ്രവർത്തനങ്ങളിന്മേൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു.

**62)** ഉപയോഗശൂന്യമായതും കാലഹരണപ്പെട്ടതുമായ മരുന്നുകൾ വീടുകളിൽ നിന്നും കടകളിൽനിന്നും ശേഖരിച്ച് സംസ്കരിക്കുന്നതിനായി ഡ്രഗ്സ് കൺട്രോൾ വിഭാഗം വിഭാവനം ചെയ്ത nPROUD(new Programme for Removal of Unused Drugs) എന്ന പദ്ധതി നടപ്പിലാക്കിയതിലൂടെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലും ഉള്ളിയേരി പഞ്ചായത്തിലുമായി ഏകദേശം 25 ടൺ ഉപയോഗശൂന്യമായ മരുന്നുകൾ കണ്ടെത്തി അവ ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത nPROUD പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ സംസ്ഥാനവ്യാപകമായി നടപ്പാക്കുന്നത് സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകൾ, ഫാർമസികൾ എന്നിവവഴി നടത്തുന്ന ലഹരി വിൽപ്പനയും കടത്തും തടയുന്നതിനുകൂടി ഏറെ സഹായകരമാകുമെന്ന് സമിതി കരുതുന്നു. അതിനാൽ nPROUD പദ്ധതി സംസ്ഥാനവ്യാപകമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

**63)** മെഡിക്കൽ സ്റ്റോറുകൾ വഴി ലഹരിക്കായും ഉപയോഗിക്കുന്ന മരുന്നുകൾ കുട്ടികളുടെയടക്കം കൈവശം എത്തുന്നത് തടയുന്നതിനുൾപ്പെടെ എല്ലാ മെഡിക്കൽ സ്റ്റോറുകളിലും C.C.T.V. ക്യാമറകൾ നിർബന്ധമാക്കിയിട്ടുണ്ടെന്നും ഇവ സ്ഥാപിക്കാത്ത മെഡിക്കൽ സ്റ്റോറുകൾക്ക് ലൈസൻസ് നൽകുന്നില്ലെന്നും ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിന്നും അറിയാനായതിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു. ഇതോടൊപ്പം, ഇത്തരം മാനദണ്ഡങ്ങൾ എല്ലാ മെഡിക്കൽ സ്റ്റോറുകളും പാലിക്കുന്നുണ്ടെന്ന് ഡ്രഗ്സ് കൺട്രോൾ വിഭാഗം നിരന്തരം പരിശോധിച്ച് ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ആരോഗ്യ കുടുംബക്ഷേമ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**64)** അന്യസംസ്ഥാനങ്ങളിൽ നിന്നും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ സംസ്ഥാനത്തേക്ക് മരുന്നുകൾ എത്തുന്നുണ്ടെന്നും, ഇത്തരത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോം മുഖേന നടക്കുന്ന മരുന്നുവ്യാപാരത്തിൽ എക്സൈസ് വകുപ്പ് നൽകിയ വിവരമനുസരിച്ച് പത്ത് കേസുകളിലധികം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതായും, low pressure-നുള്ള മരുന്നുകളാണ്

കേസുകളിൽ പിടിച്ചെടുത്തതിലധികവുമെന്നും സമിതി മനസ്സിലാക്കുന്നു. ഓൺലൈനായി മരുന്നുകൾ വാങ്ങുന്നതിന് കുറിപ്പടി മാത്രം മതിയെന്നതിനാൽ 'Fake പ്രിസ്ക്രിപ്ഷനുകൾ' ഉപയോഗിച്ച് ലഹരിക്കായിക്കൂടി ഉപയോഗിക്കുന്ന മരുന്നുകൾ വാങ്ങി സംസ്ഥാനത്തെത്തിക്കാനുള്ള സാദ്ധ്യതയേറെയാണെന്നും, എന്നാൽ, ഓൺലൈൻ ആയി മരുന്നുകൾ വാങ്ങുന്നത് പരിശോധിക്കുവാനോ അവ സൂക്ഷ്മമായി മോണിറ്റർ ചെയ്യുവാനോ വകുപ്പിനുകീഴിൽ സംവിധാനങ്ങളില്ലെന്നതിനാൽ ഇങ്ങനെ ലഹരി മരുന്നുകളും മറ്റും വാങ്ങുന്നത് ജാഗ്രതയോടെ കൊറിയർ സർവ്വീസ് നടത്തുന്നവർക്ക് മാത്രമേ കണ്ടെത്താനാവുകയുള്ളൂവെന്നും ആരോഗ്യ കുടുംബക്ഷേമ(ഡ്രഗ്സ് കൺട്രോളർ) വകുപ്പുദ്യോഗസ്ഥരിൽ നിന്നും സമിതിക്ക് ബോധ്യമായിട്ടുണ്ട്. ഇത്തരത്തിൽ മരുന്നുകൾ പിടിച്ചെടുത്താൽ എക്സൈസ് വകുപ്പ് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തെ അറിയിക്കുകയും കേസെടുക്കുകയുമാണ് സാധാരണയായി ചെയ്യുന്നത്. <u>ഓൺലൈൻ മുഖേന ലഹരി മരുന്നുകൾ സംസ്ഥാനത്ത് എത്തുന്നത് തടയുന്നതിനായി, മരുന്നുകൾ വാങ്ങുന്നത് നിരോധിക്കാനോ ഇതിന്മേൽ യുക്തമായ മറ്റ് നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനോ അനുയോജ്യമായ നടപടി സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിലേക്ക് ശിപാർശ ചെയ്യണമെന്ന് സമിതി ആരോഗ്യ കുടുംബക്ഷേമ വകുപ്പിനോട് നിർദ്ദേശിക്കുന്നു.</u>

**65)** ഫാർമസികളെ അക്രെഡിറ്റ് ചെയ്യുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് സെന്റിനൽ ഫാർമസികൾ(Sentinel Pharmacies) എന്നൊരു സംവിധാനമുണ്ടെന്നും വകുപ്പിന് കീഴിൽ നിലവിൽ 30,000 സെന്റിനൽ ഫാർമസികളും 47 ഇൻസ്പെക്ടർമാരുമാണ് ഉള്ളതെന്നും, വകുപ്പിന് നിരവധി പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതുണ്ടെന്നതിനാൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ സെന്റിനൽ ഫാർമസികളിലെ ഫാർമസിസ്റ്റുകൾക്ക് പരിശീലനം നൽകി സ്കൂളുകളിലും മറ്റും ബോധവത്കരണ ക്ലാസുകൾ നൽകാനും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും സാധിക്കുമെന്നും ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിന്നും സമിതിക്ക് മനസ്സിലാക്കാനായിട്ടുണ്ട്. സെന്റിനൽ ഫാർമസികൾ ജനങ്ങൾ വിവിധ മരുന്നുകൾ വാങ്ങി ഉപയോഗിക്കുന്ന രീതികൾ(Drug Usage Pattern) പഠിച്ച് Drugs Controller-ക്ക് /ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കാറുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. സെന്റിനൽ ഫാർമസികളുടെ ടി Drug Usage Pattern റിപ്പോർട്ടുകൾ

പൊതുജനാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ടാണ് തയ്യാറാക്കുന്നതെങ്കിലും ഇത്തരം റിപ്പോർട്ടുകൾ ഉപയോഗിച്ച് ലഹരിക്കും, ഡോക്ടറുടെ നിർദ്ദേശപ്രകാരം ചികിത്സയ്ക്കായും ഒരുപോലെ ഉപയോഗിക്കുന്ന മരുന്നുകളുടെ അളവിൽ കവിഞ്ഞ വിൽപ്പന നടക്കുണ്ടോയെന്ന് കണ്ടെത്തുന്നതിന് സഹായകരമാകുമെന്ന് സമിതി കരുതുന്നു.

**66)** <u>സെന്റിനൽ ഫാർമസികളുടെ മാതൃകയിൽ, ആധുനിക സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വിപണിയിലെ സാധാരണ മെഡിക്കൽ സ്റ്റോറുകളിൽനിന്നും വിവിധ മരുന്നുകളുടെ വാങ്ങൽ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് ഒരു ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനും, അതിലൂടെ വിവിധ മരുന്നുകളുടെ Usage Pattern സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിനും ഒരു കേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്തണമെന്നും; പ്രസ്തുത റിപ്പോർട്ട് പോലീസ്, എക്സൈസ് വകുപ്പുകളുമായി പങ്കുവയ്ക്കണമെന്നും ആരോഗ്യ കുടുംബക്ഷേമ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. ഒപ്പം, പ്രസ്തുത റിപ്പോർട്ട് പഠിച്ച് നിരോധിത മരുന്നുകളുടെ ഉപയോഗമോ, ലഹരിക്കുകൂടി ഉപയോഗിക്കുന്ന മരുന്നുകളുടെ അമിതോപയോഗമോ കണ്ടെത്തുന്ന മേഖലകളിൽ എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കുന്നതിനും അതുവഴി ലഹരി ഉപയോഗത്തിന്റെ Hotspot-കൾ കണ്ടെത്തി കർശനമായ നിയമനടപടി സ്വീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആഭ്യന്തരം, നികുതി എന്നീ വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.</u>

**67)** <u>ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ ആന്റിബയോട്ടിക്കുകൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ, അങ്ങനെയുള്ള വിഷയങ്ങളിന്മേൽ പൊതുജനങ്ങളിൽ നിന്നും പരാതികൾ സ്വീകരിക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിനുകീഴിൽ സജ്ജീകരിച്ചിട്ടുള്ള ടോൾഫ്രീ നമ്പരിന് കൂടുതൽ പ്രചാരണം നൽകണമെന്ന് സമിതി ആരോഗ്യ കുടുംബക്ഷേമ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.</u>

**68)** ചിലയിനം, ലഹരിവസ്തുക്കൾ നമ്മുടെ നാട്ടിൽ ജനകീയവൽകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നത് ഒരു ആശങ്കാജനകമായ വസ്തുതയാണ്. ഏതൊരു സാമൂഹികപരമായ ചടങ്ങിനും മദ്യവും പുകയില ഉത്പന്നങ്ങളും അഭിവാജ്യഘടകങ്ങളായി

മാറിക്കൊണ്ടിരിക്കുന്നത് ഇതിനൊരു ഉദാഹരണമായി കാണാം. ഇത്തരത്തിൽ അനുവദനീയമായ ലഹരി വസ്തുക്കളുടെ ഉപയോഗം കൂടിവരുന്നത് കുട്ടികളെയും കൗമാരക്കാരെയും ലഹരിയിലേക്ക് ആകർഷിക്കുന്നതിന് കാരണമാകുന്നു. അതിനാൽ ഇത്തരം ദുഃശ്ശീലങ്ങൾ സമൂഹത്തിൽനിന്നും തുടച്ചുനീക്കേണ്ടത് ഭരണകൂടത്തിന്റെയും ജനതയുടെയും കടമയാണ്. ചുരുക്കത്തിൽ, ബോധവത്കരണവും ലഹരിവർജ്ജനവും മുതിർന്നവരിൽനിന്നും തുടങ്ങേണ്ടിയിരിക്കുന്നു. കുട്ടികളിലെ ലഹരി ഉപയോഗവും അതുപോലുള്ള കാര്യങ്ങളും കണ്ടെത്തി ചികിത്സ നൽകുന്നതിന് പഞ്ചായത്തുകളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി 678 പഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ടെന്നും ഇതിന്റെ ഭാഗമായി ആശാ വർക്കർമാർക്ക് പരിശീലനം നൽകുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. രണ്ടുവർഷംകൊണ്ട് ഈ പദ്ധതി എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി 24 x 7 മണിക്കൂറും പ്രവർത്തിക്കുന്ന 14416 എന്ന 'ടെലിമനസ്' ടോൾ ഫ്രീ നമ്പരിൽ ബന്ധപ്പെടാവുന്നതാണെന്നും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിൽ നിന്നും സമിതിക്ക് വ്യക്തമാകുന്നു.

**69)** കത്തുന്ന സിഗരറ്റിന്റെയും ബീഡിയുടെയും അറ്റത്തുനിന്നുവമിക്കുന്നതോ, പുകവലിക്കാരൻ ഉള്ളിലേയ്ക്ക് വലിച്ചെടുക്കുന്നതോ ആയ പുകയിലുള്ളതിന്റെ, മൂന്ന് മുതൽ പത്തുമടങ്ങുവരെ വിഷവസ്തുക്കൾ പുകവലിക്കാരൻ പുറത്തേയ്ക്കുവിടുന്നപുകയിൽ അടങ്ങിയിരിക്കുന്നു എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. പുകവലിക്കാത്തവർ ഈ പുകയിലപ്പുക ശ്വസിക്കാനിടവരുന്ന നിഷ്ക്രിയപുകവലി (Passive smoking) എന്ന അവസ്ഥ ശ്വാസകോശ ക്യാൻസർ വരെയുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിവയ്ക്കുന്നു. പുകവലിക്കുന്നവരുമായുള്ള ഗർഭിണികളുടെ സഹവാസം ഗർഭസ്ഥശിശുവിനുപോലും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നുവെന്നുമാത്രമല്ല, ഇത് ശിശുമരണത്തിനുവരെ കാരണമാകുന്നതായും പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. എന്നാൽ നിഷ്ക്രിയ പുകവലിയെ സമൂഹം ഇപ്പോഴും വേണ്ടത്ര ഗൗരവത്തോടെ കാണുന്നില്ല എന്ന് സമിതി കരുതുന്നു. പൊതുസ്ഥലങ്ങളിൽ സിഗരറ്റ്, സിഗാർ, ബീഡി തുടങ്ങി ഏതു വിധത്തിലുള്ള പുകവലിയും(Tobacco smoking) ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വകുപ്പ് 268(നിലവിൽ BNS Section 270) പ്രകാരം നിർവ്വചിച്ചിരിക്കുന്ന പൊതു ഉപദ്രവം(public nuisance)

സൃഷ്ടിക്കുന്നതിനാൽ, പൊതുസ്ഥലങ്ങളിലെ പുകവലി നിയമവിരുദ്ധമാണെന്നതിനോടൊപ്പം ഇത് ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 21 ഉറപ്പുനൽകുന്ന ജീവിക്കാനുള്ള അവകാശത്തിന്റെ ലംഘനമാണ് എന്നതിനാൽ ഭരണഘടനാ വിരുദ്ധവുമാണെന്നും ബഹു. ഹൈക്കോടതി പ്രഖ്യാപിച്ചിട്ടുണ്ട്*[K. Ramakrishnan vs. State of Kerala(1999)]*. പൊതു ഉപദ്രവമായി കണക്കാക്കുന്ന ഇത്തരം പ്രവൃത്തികൾക്ക് ഭാരതീയ ന്യായ സംഹിതയുടെ(BNS) ബന്ധപ്പെട്ട സെക്ഷനുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള 1000/- രൂപ വരെ പിഴ ശിക്ഷയും, കുറ്റകൃത്യം ആവർത്തിക്കുന്നവർക്ക് 5000/- രൂപ വരെ പിഴയോ ആറുമാസം തടവോ, അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷ നിശ്ചയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, നിഷ്ക്രിയ പുകവലി കുട്ടികളിലുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് കടിഞ്ഞാണിടുന്നതിനായി, പൊതുസ്ഥലങ്ങളിൽ, പ്രത്യേകിച്ച് സ്കൂൾ പരിസരങ്ങളിൽ പുകവലിനിരോധനം ശക്തമായി നടപ്പാക്കണമെന്നും, പൊതുസ്ഥലത്ത് പുകവലിക്കുന്നതിലൂടെ പൊതു ഉപദ്രവം നടത്തുന്ന ഏതൊരു വ്യക്തിക്കും COTPA 2003 പ്രകാരമുള്ള പരമാവധി 200 രൂപ വരെ പിഴ ചുമത്തുന്നതിനുപുറമെ, BNS പ്രകാരമുള്ള പരമാവധി 1000/- രൂപ പിഴ ശിക്ഷ ചുമത്തണമെന്നും, കുറ്റകൃത്യം ആവർത്തിക്കുന്നവർക്ക് BNS പ്രകാരമുള്ള പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനുള്ള ശക്തമായ നടപടി സ്വീകരിക്കണമെന്നും നികുതി, ആഭ്യന്തരം എന്നീ വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.

**70)** പുകവലിക്കുന്നത് ഒറ്റദിവസംകൊണ്ട് ഉപേക്ഷിക്കുകയെന്നത് ദീർഘനാളായി പുകവലിക്കുന്നവരെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടായേക്കാം. അതിനാൽ പുകവലി തീരെ ഒഴിവാക്കാനാകാത്തവർക്ക് ഇതിനായി, പൊതുസ്ഥലങ്ങളിലും നിർദ്ദിഷ്ട അളവിൽ കൂടുതൽ വിസ്തൃതിയുള്ള പൊതു കെട്ടിടങ്ങളിലും സ്മോക്ക് റൂമുകൾ സജ്ജീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും, ഇങ്ങനെയുള്ള സ്മോക്ക് റൂമുകളിൽ 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ പ്രവേശിക്കാതിരിക്കുന്നതിന് ജീവനക്കാർ ശ്രദ്ധിക്കണമെന്നും, സ്മോക്ക് റൂമുകൾക്കുള്ളിലും സമീപത്തും പുകവലിയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് ചിത്രങ്ങൾ സഹിതം പ്രദർശിപ്പിക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**71)** സിനിമ, സീരിയൽ മേഖലകളിൽ സെറ്റുകളിൽ ലഹരി വസ്തുക്കൾ കൈകാര്യം ചെയ്യുന്നതും വിതരണം ചെയ്യപ്പെടുന്നതും സംബന്ധിച്ച വാർത്തകൾ വിവിധ മാധ്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുട്ടികളും കൗമാരക്കാരും അടങ്ങുന്ന മേഖലയാണ് സിനിമ സീരിയൽ മേഖല. അതിനാൽ ഈ മേഖലകളിൽ ലഹരി കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട രഹസ്യവിവരങ്ങൾ ശേഖരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും, സിനിമ സീരിയൽ സെറ്റുകൾ ലഹരിവിമുക്തമാക്കുന്നതിനായി റെയ്ഡുകളുൾപ്പെടെയുള്ള ശക്തമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**72)** സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചുവരുന്ന ഡി-അഡിക്ഷൻ സെന്ററുകളിൽ ചിലതെങ്കിലും ലഹരിവസ്തുക്കൾ കടത്തുന്ന കേന്ദ്രങ്ങളുടെ ഇടത്താവളങ്ങളും ഗോഡൗണുകളുമാകാമെന്ന് സമിതി കരുതുന്നു. അതിനാൽ, സ്വകാര്യമേഖലയിലുള്ള ഡീ-അഡിക്ഷൻ സെന്ററുകളിൽ നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്തി അവ സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തണമെന്ന് നികുതി(എക്സൈസ്), ആഭ്യന്തരം എന്നീ വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.

**73)** പൊതുജനങ്ങളുടെ നന്മയെ ഉദ്ദേശിച്ച് കൊണ്ടുവരുന്ന ടോൾഫ്രീ നമ്പരുകളെപ്പറ്റി ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കാനാകുന്നില്ലെന്നതിനാലും, നിരവധി ടോൾഫ്രീ നമ്പരുകൾ നിലവിലുള്ളതിനാൽ ജനങ്ങൾക്ക് അവയെല്ലാം ഓർത്തിരിക്കാൻ പ്രയാസമാണെന്നതിനാലും, ജനങ്ങൾക്ക് എൻഫോഴ്സ്മെന്റ് ഏജൻസികളെ ബന്ധപ്പെടുന്നതിനും, കൂടാതെ, വിമുക്തി പദ്ധതിയുടെ കീഴിലുള്ള ഡീ-അഡിക്ഷൻ കൗൺസിലിംഗ് സേവനം, യോദ്ധാവ് പദ്ധതിയുടെ സേവനം, ചൈൽഡ് ലൈൻ സേവനം തുടങ്ങി വിവിധതരം അടിയന്തര സേവനങ്ങൾ ലഭിക്കുന്നതിനും ബന്ധപ്പെടേണ്ട ടോൾഫ്രീ നമ്പറുകളെപ്പറ്റി ജനങ്ങളിൽ വേണ്ടത്ര അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും നൂതന സാങ്കേതികവിദ്യകളുടെ സഹായത്തോടെ പ്രസ്തുത ടോൾഫ്രീ നമ്പരുകളെ കൂട്ടിയിണക്കിക്കൊണ്ട് ഒരു ഏകീകൃത അഥവാ centralized call system കൊണ്ടുവരുന്നതിന് നടപടി

സ്വീകരിക്കണമെന്നും ആരോഗ്യ കുടുംബക്ഷേമം, വനിത ശിശുവികസനം, പൊതുവിദ്യാഭ്യാസം, ആഭ്യന്തരം, നികുതി, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.

**74)** വനിത ശിശുവികസന വകുപ്പിനുകീഴിലെ അങ്കണവാടികൾ തോറും പ്രത്യേക ശ്രദ്ധവേണ്ട(Vulnerable) കുടുംബങ്ങളെയും കുട്ടികളെയും മനസ്സിലാക്കുന്നതിനായി മുൻകാലങ്ങളിൽ നടത്തിയിരുന്ന വൾനറബിലിറ്റി മാപ്പിംഗ് വനിത ശിശുവികസന വകുപ്പ് വിപുലമായി നടത്താനുള്ള ശ്രമത്തിലാണെന്നും, ഇതിനുകീഴിൽ വ്യക്തിഗതമായ വിവരങ്ങൾ ട്രാക്ക് ചെയ്യുന്നതിനാൽ സർക്കാരിൽനിന്നും അതിനുള്ള പ്രത്യേക അനുമതി ലഭിച്ചതിനെത്തുടർന്ന്, പരിഷ്കരിച്ച രീതിയിലുള്ള വൾനറബിലിറ്റി മാപ്പിംഗ് തിരുവനന്തപുരം ജില്ലയിൽ വനിത ശിശുവികസന വകുപ്പ് ആരംഭിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഇത് ലഹരി ഉപയോഗവും മറ്റും ഉള്ള കുടുംബങ്ങളെയും കുട്ടികളെയും കണ്ടെത്തുന്നതിന് സഹായകരമായിരിക്കുമെന്ന് സമിതി കരുതുന്നു. അതിനാൽ, തദ്ദേശ സ്വയംഭരണ വകുപ്പുമായിക്കൂടി സഹകരിച്ച് വൾനറബിലിറ്റി മാപ്പിംഗ് ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് വനിത ശിശുവികസന വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

**75)** ലഹരി ഉപയോഗം പോലുള്ള കുറ്റകൃത്യങ്ങളിൽ അറസ്റ്റ് ചെയ്യപ്പെടുന്ന കുട്ടികളെ, അവരുടെ സ്വഭാവം പരിഗണിച്ച് 'കാവൽ' പദ്ധതിയുടെ കീഴിൽ അവരുടെ കുടുംബങ്ങളിലേക്കുതന്നെ തിരിച്ചയച്ച് ആവശ്യമായ പിന്തുണ നൽകുന്ന നടപടിയിലൂടെ, കുട്ടികളിലെ കുറ്റവാസന 24 ശതമാനത്തിൽനിന്നും നിലവിലെ 3.8 ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്നതിൽ സമിതി വനിത ശിശുവികസന വകുപ്പിനെ അഭിനന്ദിക്കുന്നു. ബഹു. സുപ്രീം കോടതിയുടെ അഭിനന്ദനത്തിനുപാത്രമായ ടി പദ്ധതി കൂടാതെ, ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്ക് മുൻപിൽ എത്തുന്ന കുട്ടികളെ ശിശുസംരക്ഷണ കേന്ദ്രങ്ങളിലേയ്ക്ക് അയയ്ക്കുന്നതിനുപകരം തിരികെ കുടുംബത്തിലേക്കുതന്നെ അയച്ച് പരിരക്ഷിക്കുന്ന 'കാവൽ പ്ലസ്സ്' പദ്ധതിയും വകുപ്പ് ആരംഭിച്ചിട്ടുണ്ടെന്നതിലും, വിമുക്തി ഡി-അഡിക്ഷൻ സെന്ററുകളിൽനിന്നും മറ്റും വിടുതൽവാങ്ങിവരുന്ന കുട്ടികൾക്ക് 'കാവൽ പ്ലസ്' പദ്ധതി മുഖേനയുള്ള പരിരക്ഷയും

പിന്തുണയും എപ്രകാരം നൽകാമെന്നത് സംബന്ധിച്ച് എക്സൈസ് വകുപ്പുമായി സഹകരിച്ച് വനിത ശിശുവികസന വകുപ്പ് ഒരു SOP തയ്യാറാക്കിയിട്ടുണ്ടെന്നതിലും സമിതി തൃപ്തി രേഖപ്പെടുത്തുന്നു.

**76)** വിമുക്തി മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ ഓരോ ജില്ലകളിലും ഓരോന്നുവീതം 14 ലഹരി വിമുക്തി ചികിത്സാലയങ്ങൾ (വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ) നികുതി (എക്സൈസ്) വകുപ്പും, യോദ്ധാവ്, എസ്.പി.ജി. ഉൾപ്പെടെയുള്ള പദ്ധതികളിലൂടെയും, കൗൺസിലറുടെ സേവനം ഉൾപ്പെടെ ലഭ്യമാക്കുന്ന ഡിജിറ്റൽ ഡി-അഡിക്ഷൻ(D-DAD) സംവിധാനങ്ങളിലൂടെയും ആഭ്യന്തര വകുപ്പും ലഹരി മുക്തി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതിനുപുറമേ, സംസ്ഥാനത്ത്, സർക്കാർ, സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങളിലും ഡീ-അഡിക്ഷൻ ചികിത്സ നൽകിവരുന്നുണ്ടെന്നതും അഭിനന്ദനാർഹമാണ്.

**77)** ഡീ-അഡിക്ഷൻ സെന്ററുകൾ പലപ്പോഴും ലഹരിയുടെ വിതരണമെങ്ങനെ നടക്കുന്നു, ഇതിന്റെ ഉറവിടം എവിടെ മുതലായ വിവരങ്ങൾ ശേഖരിക്കാവുന്ന ഡ്രഗ്സ് ഇൻഫർമേഷൻ ഗാതറിംഗ് സെന്ററുകളായി മാറുന്ന സ്ഥിതിവിശേഷമുണ്ടെന്നും ഇതിനായി ഡീ-അഡിക്ഷൻ സെന്ററുകളെ ആഭ്യന്തരം, നികുതി എന്നീ വകുപ്പുകളുടെയും, സർക്കാരിതര സ്ഥാപനങ്ങളുടെയും സഹകരണത്തോടെ മൾട്ടിപ്പിൾ ആക്റ്റിവിറ്റി സെന്ററുകളായി പരിണാമപ്പെടുത്തുന്നത് നല്ലതാണെന്നും, അതിലൂടെ അവിടെ എത്തിച്ചേരുന്ന കുട്ടികളുടെ നേതൃത്വ പാടവം മെച്ചപ്പെടുത്താനും കുട്ടികളെ കായിക വിനോദങ്ങളിലേക്കും മറ്റും തിരിച്ചുവിടാനും സാധിക്കുമെന്നുമാത്രമല്ല, ലഹരി അവരിലേക്കെത്തിയതെങ്ങനെ മുതലായ വിവരങ്ങൾ കുട്ടികളിൽനിന്നുതന്നെ എൻഫോഴ്സ്മെന്റ് ഏജൻസികൾക്ക് ശേഖരിക്കാനും ഉപയോഗപ്രദമാകുമെന്ന് സമിതി കരുതുന്നു. അതിനാൽ ഡീ-അഡിക്ഷൻ സെന്ററുകളെ ഇത്തരം മൾട്ടിപ്പിൾ ആക്റ്റിവിറ്റി സെന്ററുകളായി പരിണാമപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ആഭ്യന്തരം, നികുതി, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകളോട് ശിപാർശ ചെയ്യുന്നു.

**78)** ചിലർ, കുട്ടികളെ മദ്യവിൽപ്പനശാലകളിൽ ജോലി ചെയ്യിപ്പിക്കുന്നതായും, കുട്ടികളെയും കൂട്ടി മദ്യവിൽപ്പനശാലകളിൽ എത്തുന്നതായും സമിതിക്ക് ലഭിച്ച ചില പരാതികളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമെ, ചിലർ കുട്ടികളെ അലക്ഷ്യമായി മദ്യവിൽപ്പനശാലകൾക്കരികിൽ നിർത്തിയശേഷം മദ്യപിക്കാൻ പോകുന്നതായും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ, ഇത്തരക്കാർക്കെതിരെ ജുവനൈൽ ജസ്റ്റിസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്റ്റ് 2015, എൻ.ഡി.പി.എസ്. ആക്റ്റ് എന്നിവയുടെയുൾപ്പെടെയുള്ള നിയമങ്ങളുടെ ബന്ധപ്പെട്ട വകുപ്പുകൾ ചുമത്തി കേസ് ചാർജ്ജ് ചെയ്യുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കണമെന്നും, ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് മദ്യവിൽപ്പനശാലകൾ കേന്ദ്രീകരിച്ചുള്ള മിന്നൽ പരിശോധനകളും പട്രോളിംഗും ശക്തമാക്കണമെന്നും നികുതി, ആഭ്യന്തരം എന്നീ വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.

**79)** സ്കൂൾ വിദ്യാർത്ഥികളിൽ ആദ്യമായി ലഹരി ഉപയോഗം പിടിക്കപ്പെടുന്ന അവസരത്തിൽ, കുട്ടികളുടെ മാതാപിതാക്കളുമായി ബന്ധപ്പെടുകയും, കുട്ടികളെ ലഹരിയുടെ ദോഷഫലങ്ങളും നിയമ നടപടികളും പറഞ്ഞു മനസ്സിലാക്കുകയും, ഡി-അഡിക്ഷൻ ചികിത്സയ്ക്കും വിദഗ്ധ കൗൺസിലിംഗിനും റഫർ ചെയ്യുകയുമാണ് പോലീസ് പ്രാഥമികമായി ചെയ്തുവരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. മൊബൈൽ ഫോൺ, ഇതര ഡിജിറ്റൽ ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയുടെയും, അവയിലൂടെ ഇന്റർനെറ്റിന്റെയും അമിത ഉപയോഗം വഴിയാണ് ഇത്തരം കുട്ടികൾ ആദ്യമായി ലഹരി എന്ന വിപത്തിനെ പരിചയപ്പെടുന്നത്. ഈ ഉപകരണങ്ങളുടെ ദുരുപയോഗം കുട്ടികളെ ലഹരി ഉപയോഗത്തിലേക്ക് നയിക്കുക മാത്രമല്ല അവരിൽ ഉത്കണ്ഠ/വിഷാദരോഗം എന്നീ അവസ്ഥകൾ ഉണ്ടാകുന്നതിനും കാരണമാകുന്നു. ലഹരി വിമുക്തി ചികിത്സക്കും കൗൺസിലിംഗിനും പുറമെ ഈ ഉപകരണങ്ങളോടുള്ള ആസക്തി ഇല്ലാതാക്കുന്നതും കുട്ടികളിൽ ലഹരി ഉപയോഗം ഉണ്ടാകാതിരിക്കാൻ സഹായകരമാകുമെന്ന് സമിതി കരുതുന്നു. ഇന്റർനെറ്റിനോടും മൊബൈൽ ഫോണിനോടും മറ്റ് ഗെയിമിംഗ് ഉപകരണങ്ങളോടും കുട്ടികൾക്കുള്ള ആസക്തി കുറയ്ക്കുന്നതിന് കേരള പോലീസ് ആറ് ജില്ലകളിലായി ആരംഭിച്ച D-DAD സെന്ററുകളുടെ (ഡിജിറ്റൽ ഡി-

അഡിക്ഷൻ സെന്ററുകൾ) പ്രവർത്തനം ഫലപ്രദമാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ. D-DAD സെന്ററുകളുടെ പ്രവർത്തനം സംസ്ഥാനത്തെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**80)** എക്സൈസ്, പോലീസ് വകുപ്പുകൾ കണ്ടെത്തുന്ന ലഹരിക്കടിമകളായ വ്യക്തികളെ വിമുക്തി കേന്ദ്രങ്ങളിൽ ഡി-അഡിക്ഷൻ ചികിത്സയ്ക്കായി പ്രവേശിപ്പിക്കുമ്പോൾ ചികിത്സയിലുടനീളം രക്ഷകർത്താക്കളുടെയോ കൂട്ടിരിപ്പുകാരുടെയോ സാന്നിദ്ധ്യം അനിവാര്യമാണെന്ന് ആശുപത്രി അധികൃതർ കർശനമായി നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ ലഹരി വിമുക്തിക്കായുള്ള ചികിത്സയ്ക്ക് ശേഷമുള്ള തുടർചികിത്സയ്ക്ക് എത്തേണ്ടതും അനിവാര്യമാണ്. എന്നാൽ പലരും ലഹരി വിമുക്തി ചികിത്സ തേടാത്ത അവസ്ഥയുണ്ട്. മാത്രമല്ല, ഡി-അഡിക്ഷൻ ചികിത്സയ്ക്കെത്തുന്ന എത്തുന്ന രോഗികളും രക്ഷകർത്താക്കളും പോലും ചികിത്സയ്ക്കുശേഷം തുടർചികിത്സ(follow up) നടത്തുന്നതിന് വൈമുഖ്യം കാണിക്കുന്നുണ്ടെന്നതും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡീ-അഡിക്ഷൻ ചികിത്സ തേടാത്തതും ഡീ-അഡിക്ഷൻ സെന്ററുകളിൽ Inpatient ചികിത്സ പൂർത്തിയാക്കാത്തതും, തുടർചികിത്സയ്ക്ക് എത്താത്തതും രോഗികളിൽ വീണ്ടും ലഹരിയോടുള്ള ആസക്തി ഉണ്ടാകുന്നതിനും, ലഹരി കിട്ടാത്ത സാഹചര്യമുണ്ടാകുമ്പോൾ ഇവരിൽ അക്രമവാസനയും 'withdrawal syndrome' പോലുള്ള അവസ്ഥകളും സംജാതമാകുന്നതിനും കാരണമാകുന്നു. ഈ അവസ്ഥകൾ ഒഴിവാക്കുന്നതിനായി ലഹരിക്കടിമപ്പെട്ടവർക്ക് ഡി-അഡിക്ഷൻ ചികിത്സ കർശനമാക്കണമെന്നും, ഇവരെ ഡി-അഡിക്ഷൻ ചികിത്സാലയങ്ങളിൽ എത്തിക്കുന്നതിനും തുടർ-ചികിത്സ നിർബന്ധമാക്കുന്നതിനും ഒരു റാപ്പിഡ് ആക്ഷൻ ടീമിനെ സജ്ജമാക്കണമെന്നും സമിതി നികുതി, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകളോട് ശിപാർശ ചെയ്യുന്നു.

**81)** സംസ്ഥാനത്തെ വനവാസികളായ വിവിധ ആദിവാസി ഗോത്രവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്കിടയിൽ ചെറുപ്രായം മുതൽക്കേ മദ്യപാനശീലവും, പുകയില ഉപയോഗിക്കുന്ന ശീലവും കണ്ടുവരുന്നു. ഗോത്രവർഗ്ഗ സംസ്കാരത്തിന്റെ ഭാഗമായ ആചാരാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട്, ഇനിയും പുരോഗമിച്ചിട്ടില്ലാത്ത വിവിധ ആദിവാസി

വിഭാഗങ്ങൾക്കിടയിൽ ഇത്തരം ലഹരി വസ്തുക്കളുടെ ഉപയോഗം വളരെപ്പണ്ടുമുതൽക്കേ വേരുറപ്പിച്ചിട്ടുണ്ട്. ICMR കീഴിലുള്ള നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ന്യൂട്രീഷ്യന്റെയടക്കം പഠനങ്ങൾ ഇത് സാക്ഷ്യപ്പെടുത്തുന്നു. ആദിവാസികൾക്കിടയിലെ ദുഃശ്ശീലങ്ങൾ ഇവരുടെമാത്രമല്ല വരുംതലമുറയുടെ ആരോഗ്യത്തെയും സാരമായി ബാധിക്കുന്നു. ഇത് സംബന്ധിച്ച് യാതൊരുവിധ ബോധ്യവുമില്ലാതെ പരമ്പരകളായി കൈമാറിവന്ന ഇത്തരം ശീലങ്ങൾ കുട്ടികൾക്കിടയിലും വളരുന്നത് അറിവില്ലായ്മയൊന്നുകൊണ്ട് മാത്രമാണ്. അതിനാൽത്തന്നെ, ഇതിനുപരിഹാരം കാണുകയെന്നത് ഒരു വലിയ വെല്ലുവിളിയാണ്. കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം നൽകുകയും, ആരോഗ്യവിദഗ്ധരുടെ മികച്ച പ്രവർത്തനത്തിലൂടെ ഇവരെ ചികിത്സിക്കുകയും ബോധവൽക്കരിക്കുകയും ചെയ്യുകയുമാണ് ഇതിനുള്ള ഏക പോംവഴി. ഇതിനായി സമഗ്രമായ ഒരു പാക്കേജ് തയ്യാറാക്കി നടപ്പാക്കാൻ കഴിഞ്ഞാൽ ഗോത്രവർഗ്ഗക്കാരിൽ ആരോഗ്യവും അറിവുമുള്ള ഒരു നല്ല തലമുറയെ വാർത്തെടുക്കാൻ കഴിയുമെന്ന് സമിതി പ്രത്യാശിക്കുന്നു. അതിനാൽ, പൊതുവിദ്യാഭ്യാസം, ആരോഗ്യ കുടുംബക്ഷേമം, പട്ടികജാതി പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകൾ സംയുക്തമായി ഒരു പദ്ധതിക്ക് രൂപം നൽകി ഗോത്രവർഗ്ഗ വിഭാഗങ്ങളിൽ വിശിഷ്യാ അവർക്കിടയിലെ കുട്ടികളിലെ ലഹരി ഉപയോഗം തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**82)** അറിഞ്ഞോ അറിയാതെയോ ലഹരി പദാർത്ഥങ്ങൾക്ക് കീഴടങ്ങിയ കുട്ടികളിൽ സ്വഭാവവൈകല്യങ്ങൾ സാധാരണമാണ്. ഇങ്ങനെയുള്ള കുട്ടികളിൽ സാധാരണമായ ഒരു വ്യക്തിത്വവികാസമല്ല ഉണ്ടാകുന്നത്. യാതൊരുവിധ പ്രകോപനവുമില്ലാതെതന്നെ എല്ലാറ്റിനോടും പ്രതികരിക്കുന്നവരായി ഇവർ മാറാനിടയുണ്ട്. കുട്ടികൾ ഇത്തരം മാറ്റങ്ങൾക്ക് കീഴ്പ്പെടുമ്പോൾ അവർക്ക് നഷ്ടപ്പെടുന്നത് കുട്ടിക്കാലമാണ്. അവരുടെയിടയിൽ കളിതമാശകൾ ഇല്ലാതാകുന്നു. സ്വന്തം വിഷമങ്ങൾ മാതാപിതാക്കളോടുപോലും അവർ പറയാതാകുന്നു. ഇത്തരം കുട്ടികൾ ലഹരിമുക്തരായാൽപ്പോലും കടുത്ത നാണക്കേടും കുറ്റബോധവും അനുഭവിക്കേണ്ടിവരുന്നതിനാൽ മറ്റുള്ളവരിൽ നിന്ന് മാറിനിൽക്കാൻ ആഗ്രഹിക്കുന്നു. ചിലർ ആരോടും കൂട്ടുകൂടാത്തവരായി മാറുന്നു. പഠനം, കളികൾ, ചങ്ങാത്തം, വിനോദം എന്നിവയിലൊന്നും താൽപ്പര്യമില്ലാത്തവരായി ഇവർ മാറുന്നു. ഇത് കുട്ടികളുടെ ഓർമ്മശക്തി, ഗ്രാഹ്യശക്തി എന്നിവയെയും ബാധിക്കാറുണ്ട്. അങ്ങനെ,

ലഹരിക്ക് അടിമപ്പെടുന്ന കുട്ടികൾ ജീവിതകാലം മുഴുവൻ ശിക്ഷിക്കപ്പെടുകയാണ് ചെയ്യുന്നത്. അതിനാൽ, കുട്ടികളെ ലഹരിയുടെ പിടിയിൽ അകപ്പെടാതെ സംരക്ഷിച്ച് നിർത്തുകയെന്നത് അച്ഛനമ്മമാർ, അദ്ധ്യാപകർ, വിവിധ എൻഫോഴ്സ്മെന്റ് അധികൃതർ എന്നിവരുൾപ്പെടെയുള്ള സമൂഹത്തിന്റെ കൂട്ടായ ഉത്തരവാദിത്തമാണ്.

**83)** എല്ലാ വർഷവും ജൂൺ മാസം 26-ാം തീയതി ഐക്യരാഷ്ട്ര സംഘടന അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായി ആചരിക്കുന്നു. 'മയക്കുമരുന്ന് ഉപയോഗത്തിന്റെ ദോഷങ്ങൾ ലഘൂകരിക്കുന്നതിൽ പുതിയ കണ്ടെത്തലുകൾ അടിസ്ഥാനമാക്കിയുള്ള പ്രതിരോധ തന്ത്രങ്ങൾ പ്രയോഗിക്കുക, പ്രതിരോധ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുന്ന തരത്തിലുള്ള ക്യാമ്പയിനുകൾ സംഘടിപ്പിക്കുക, ലഹരി പ്രതിരോധ പരിപാടികളിൽ സമൂഹം ഇടപെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം വളർത്തുക, ലഹരി പ്രതിരോധ പരിപാടികൾക്കായി യുവാക്കളെയും കുട്ടികളെയും മുന്നിൽ നിർത്തുക, മയക്കുമരുന്ന് കടത്തും സംഘടിത കുറ്റകൃത്യങ്ങളും ചെറുക്കുന്നതിന് ആഗോള സഹകരണം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ലഹരിവിരുദ്ധ ദിനാചരണം കൊണ്ട് യുണൈറ്റഡ് നേഷൻസ് ഓഫീസ് ഓൺ ഡ്രഗ്സ് ആൻഡ് ക്രൈം(UNODC) ലക്ഷ്യം വയ്ക്കുന്നത്. **"Break the cycle & Stop Organized Crime"** എന്നതാണ് 2025 വർഷത്തെ ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ചുള്ള ഐക്യരാഷ്ട്ര സംഘടനയുടെ ക്യാമ്പയിൻ. സംഘടിത കുറ്റകൃത്യങ്ങൾ, മയക്കുമരുന്ന് കടത്തൽ എന്നിവയുടെ ആഗോള ശൃംഖല തകർക്കുന്നതിനുള്ള ഏകോപിത ദീർഘകാല പ്രവർത്തനത്തിന്റെ ആവശ്യകതയിലേക്കും അതിനുവേണ്ട വിഭവസമാഹരണത്തിലേക്കും ഈ ക്യാമ്പെയിൻ വെളിച്ചം വീശുന്നു.

**84)** ലഹരി വസ്തുക്കളുടെ ഉപയോഗം വ്യക്തികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുമെന്നത് വിവാദമില്ലാത്ത വാസ്തവമാണ്. പുകയില മുതൽ കൃത്രിമ രാസലഹരി വസ്തുക്കൾ ഉൾപ്പെടെയുള്ളവയുടെ വരെ ഉപയോഗം സമൂഹത്തിന്റെ മൗലിക മൂല്യങ്ങൾക്കും കുടുംബബന്ധങ്ങൾക്കും വലിയ തിരിച്ചടിയാണ്. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം ഒരു വ്യക്തിയുടെ ജീവിതം മാത്രമല്ല, സമൂഹത്തെ തന്നെ അപകടത്തിലാഴ്ത്തുന്നു. ആയതിനാൽ, നമ്മുടെ യുവതലമുറയെ, പ്രത്യേകിച്ച് കുട്ടികളെ ഈ അപകടത്തിൽ നിന്ന് സംരക്ഷിച്ച് സമൂഹത്തിന്റെ ഭാവിയെ ഉജ്ജ്വലമാക്കുക എന്നത് സമകാലീന സമൂഹത്തിന്റെ

പ്രധാന ഉത്തരവാദിത്വമാണ്. ആയതിന്, ഈ റിപ്പോർട്ടിൽ ശിപാർശകളായി ഉൾപ്പെടുത്തിയിട്ടുള്ള സമഗ്രവും അനിവാര്യവുമായ പരിഹാരനടപടികളും പ്രവർത്തനങ്ങളും വളരെയേറെ സഹായകരമാകുമെന്നും, ലഹരിക്കെതിരെ കായികലഹരി എന്ന ആശയം പോലെ നമ്മുടെ നിയമസഭയുടെ "വായനയാണ് ലഹരി" എന്ന അഭിമാനകരമായ പ്രവർത്തനവും കുട്ടികളെ ലഹരിയുടെ ലോകത്തുനിന്നും വായനയുടെ ലോകത്തേക്ക് എത്തിക്കുമെന്നും സമിതി പ്രത്യാശിക്കുന്നു. ഈ ശിപാർശകൾ നടപ്പിലാക്കുന്നത് ലഹരിമുക്തവും ആരോഗ്യകരവും സുരക്ഷിതവുമായ ഒരു സമൂഹം സംസ്ഥാനത്ത് കെട്ടിപ്പടുക്കുന്നതിന് സഹായകരമാകുമെന്നും സമിതി പ്രത്യാശിക്കുന്നു.

**85)** ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് മുന്നോടിയായി, റിപ്പോർട്ട് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് സമിതിക്ക് മനസ്സിലാക്കുന്നതിനായി, പ്രസ്തുത വകുപ്പുകളിലേക്ക് അയച്ചുനൽകിയ പ്രാഥമിക ചോദ്യാവലിക്കുള്ള മറുപടി മറ്റെല്ലാ വകുപ്പുകളും ലഭ്യമാക്കിയിരുന്നു. എന്നാൽ, കുട്ടികളിലെ ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ വലിയ പങ്കുവഹിക്കാൻ കഴിയുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് വിഷയത്തിന് അർഹിക്കുന്ന ഗൗരവം നൽകാത്തതിലും, പ്രസ്തുത ചോദ്യാവലിക്കുള്ള മറുപടി ലഭ്യമാക്കാത്തതിലും സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. അതോടൊപ്പം, അടിയന്തര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ചുവടെ ചേർക്കുന്ന ശിപാർശകൾ കൂടി തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകുന്നു.

**86)** തദ്ദേശ സ്ഥാപനങ്ങളുടെ ബജറ്റിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി പ്രത്യേക ഫണ്ട്(Anti Drug Fund) വകയിരുത്തി, സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഈ ഫണ്ട് വിനിയോഗിച്ച് ജനപ്രതിനിധികൾ, ICDS പ്രവർത്തകർ, ASHA വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ മുതലായവരുടെ സഹകരണത്തോടെ വീടുവീടാന്തരം ലഹരി വിരുദ്ധ ബോധവൽക്കരണ ക്യാമ്പെയിനുകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**87)** തദ്ദേശസ്വയംഭരണ സ്ഥാപന മേധാവിയുടെയോ പ്രതിനിധിയുടെയോ അദ്ധ്യക്ഷതയിൽ, മാസത്തിലൊരിക്കൽ പി.റ്റി.എ. പ്രതിനിധികൾ, സ്കൂൾ മേധാവി എന്നിവരുൾപ്പെടുന്ന തദ്ദേശസ്ഥാപന - സ്കൂൾ കോർഡിനേഷൻ കമ്മിറ്റികൾ യോഗം ചേർന്ന് സ്കൂളുകൾ, കുട്ടികൾക്കിടയിൽ കണ്ടുവരുന്ന ലഹരി ഉപയോഗം പോലുള്ള പ്രശ്നങ്ങൾ അവലോകനം ചെയ്യണമെന്നും, സ്കൂളുകളിലെ ഇത്തരം പ്രശ്നങ്ങൾ ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് വിഭാഗത്തെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**88)** സ്കൂൾ പരിസരത്തെ ലഹരി വിൽപ്പന തടയുന്നതിനും കുട്ടികളെ ലഹരി ഉപയോഗത്തിൽ നിന്നും സംരക്ഷിക്കുന്നതിനുമുദ്ദേശിച്ച് രൂപീകരിച്ച എസ്.പി.ജി.(School Protection Group)-യിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപന പ്രതിനിധികൾ നിർബന്ധമായും പങ്കെടുക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ആവശ്യമായ നിർദ്ദേശം നൽകണമെന്ന് ശിപാർശ ചെയ്യുന്നു.

**89)** തദ്ദേശ സ്ഥാപനങ്ങളിലെ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കലെങ്കിലും പ്രത്യേക അജണ്ട വച്ച്, തദ്ദേശ സ്ഥാപന - സ്കൂൾ കോർഡിനേഷൻ കമ്മിറ്റികൾ, ഹെൽത്ത് ഇൻസ്പെക്ടർമാർ, ICDS പ്രവർത്തകർ എന്നിവർ മുഖേന ലഭിക്കുന്ന വിവരങ്ങൾ പരിശോധിച്ച് ലഹരി ഉപയോഗം റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്കൂളുകളുടെ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

യു. പ്രതിഭ,
ചെയർപേഴ്സൺ,
സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും
കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും
ക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം
2026 ജനുവരി 29.